# തിരുഹൃദയ മാസിക

(The Sacred Heart Monthly)

**Vol. 80**
**2015 August**

## സമർപ്പിത വർഷം

80 Years of Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001

## ഈ ലക്കത്തിൽ

- സർക്കുലറുകൾ
- കൂരിയ വാർത്തകൾ
- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ- പ്രോഗ്രാം
- ലീജിയൻ ഓഫ് മേരി
- ചെറുപുഷ്പ മിഷൻലീഗ്
- കെ.സി.വൈ.എൽ.
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി
- അഭി. പിതാക്കന്മാരുടെ ഡയറി
- **Engagements**
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- വാർത്തകൾ

**വാർഷിക വരിസംഖ്യ**
75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No. 172
Presbyterium &
Annual Retreat 2015

Catholic Metropolitan House
P.B. No. 71, Kottayam
Kerala, India-686001

Date: 09-07-2015

പ്രിയ ബഹു. അച്ചാ,

നമ്മുടെ വൈദിക കൗൺസിൽ തീരുമാനിച്ചതനുസരിച്ച് അതിരൂപതാ വൈദിക കൂട്ടായ്മ 2015 ആഗസ്റ്റ് 3-ാം തീയതി സംഘടിപ്പിക്കുന്ന വിവരം മുൻകൂട്ടി അറിയിച്ചിരുന്നല്ലോ. ആഗസ്റ്റ് 3-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ തൂവാനിസയിലാണ് പ്രെസ്ബിറ്റേറിയം ചേരുന്നത്. ബഹു. അച്ചനെ പ്രെസ്ബിറ്റേറിയത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു. അതിരൂപതയിൽ സേവനം ചെയ്യുന്ന എല്ലാ ബഹു. വൈദികരും പ്രെസ്ബിറ്റേറിയത്തിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണെന്ന് ഓർമ്മപ്പെടുത്തുന്നു. വിശ്രമജീവിതം നയിക്കുന്ന ബഹു. വൈദികരേയും ഈ വൈദിക കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നു.

പ്രെസ്ബിറ്റേറിയത്തിന്റെ വിജയത്തിനായി തുടർന്നും പ്രാർത്ഥിക്കുമല്ലോ. അന്നേദിവസം ചർച്ച ചെയ്യേണ്ട വിഷയങ്ങളെക്കുറിച്ച് ബഹു. അച്ചൻ നിർദ്ദേശങ്ങൾ അറിയിച്ചാൽ ഉപകാരമായിരുന്നു. കൂടാതെ നമ്മുടെ അജപാലനശുശ്രൂഷയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉത്തരങ്ങളോ തീരുമാനങ്ങളോ ലഭിക്കേണ്ടതുണ്ടെങ്കിൽ ചോദ്യങ്ങൾ മുൻകൂട്ടി അറിയിച്ചാൽ അന്നേദിവസം മറുപടി ലഭ്യമാക്കുന്നതിന് സഹായിക്കും.

പ്രെസ്ബിറ്റേറിയത്തെ തുടർന്ന് 3-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 6 മണി മുതൽ 7-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണി വരെ തൂവാനിസയിൽ വച്ചുതന്നെ വാർഷികധ്യാനം ക്രമീകരിക്കുകയാണ്. ഈ വർഷം എല്ലാ ബഹു. വൈദികർക്കും ഒരുമിച്ചാണ് ധ്യാനം സംഘടിപ്പിക്കുന്നത്. ദിവ്യകാരുണ്യ മിഷനറി സഭാംഗമായ ബഹു. ജോമോൻ കൊച്ചുകണിയാപറമ്പിലച്ചൻ ധ്യാനത്തിന് നേതൃത്വം നൽകും.

എല്ലാ ബഹു. വൈദികരും പ്രസ്തുത ധ്യാനത്തിൽ മുഴുവൻ സമയവും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

വാർഷിക ധ്യാനത്തിനെത്തുമ്പോൾ കുർബ്ബാന കണക്കുകൾ തയ്യാറാക്കി പസ്തേന്തിയോടൊപ്പം ആദ്യദിവസം തന്നെ അഭിവന്ദ്യ പിതാവിന്റെ അംഗീകാരത്തിനായി സമർപ്പിക്കണം. ധ്യാന ചിലവുകൾക്കായി അഭിവന്ദ്യ പിതാവിന്റെ നിയോഗാർത്ഥം 5 കുർബ്ബാനയും പരേതരായ അഭിവന്ദ്യ പിതാക്കന്മാർക്കും ബഹു. വൈദികർക്കുമായി ഒരു കുർബ്ബാനയും അർപ്പിക്കേണ്ടതാണ്. ബഹു. വൈദികരുടെ മെഡിക്കൽ ഫണ്ടിലേക്ക് എല്ലാ ബഹു. വൈദികരും 24 കുർബ്ബാനയർപ്പിക്കണം(ഇതിൽ 12 കുർബ്ബാന ബൈനേഷൻ ആകാവുന്നതാണ്). കൂടാതെ, വിൽപത്രം തയ്യാറാക്കാത്ത ബഹു. വൈദികർ തയ്യാറാക്കിയതും പുതുക്കുവാൻ ആഗ്രഹിക്കുന്നവർ പുതുക്കിയതും ധ്യാനാവസരത്തിൽ അഭിവന്ദ്യ പിതാവിനെ ഏൽപ്പിക്കുമല്ലോ.

പ്രെസ്ബിറ്ററിയത്തിലും വാർഷിക ധ്യാനത്തിലും ഏതെങ്കിലും കാരണങ്ങളാൽ പങ്കെടുക്കുവാൻ കഴിയാത്ത ബഹു. വൈദികർ ജൂലൈ 25 നകം അഭിവന്ദ്യ പിതാവിനെ അറിയിച്ച് അനുവാദം വാങ്ങേണ്ടതാണ്.

പ്രാർത്ഥനാശംസകളോടെ,

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
പ്രൊ - പ്രോട്ടോസിഞ്ചലൂസ്

Circular No. 173
CEFAK Collection

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 17-07-2015

പ്രിയ ബഹു. അച്ചാ,

അതിരൂപതാ ശതാബ്ദി വിദ്യാഭ്യാസ ഫണ്ട് വർദ്ധിപ്പിക്കാനും, അങ്ങനെ ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ ആളുകളിലെത്തിക്കാനുമായി ഇക്കഴിഞ്ഞ പെസഹാ വ്യാഴാഴ്ച ഒരു കളക്ഷൻ എടുക്കണമെന്ന് അഭിവന്ദ്യ പിതാവ് തന്റെ 166–ാം നമ്പർ സർക്കുലറിലൂടെ അറിയിച്ചിരുന്നല്ലോ. അതനുസരിച്ച് പള്ളികളിൽ നിന്നും ലഭിച്ച തുകയുടെ ലിസ്റ്റ് ഇതോടൊപ്പം കൊടുത്തിരിക്കുന്നു. 2626383- രൂപ നമുക്ക് സമാഹരിക്കുവാൻ സാധിച്ചു. സഹകരിച്ച എല്ലാ ബഹു. അച്ചന്മാർക്കും നന്ദി പറയുന്നു. പ്രസ്തുത ദിവസം കളക്ഷൻ എടുക്കുവാൻ സാധിക്കാത്തവർ രണ്ടു മാസത്തിനകം ഈ നിയോഗത്തിൽ സംഭാവന സ്വീകരിച്ച് പണം CEFAK ഓഫീസിൽ ഏല്പിക്കണമെന്ന് ബഹു. വികാരിയച്ചന്മാരെ ഓർമ്മപ്പെടുത്തുന്നു.

CEFAK ൽ നിന്നും സഹായം ലഭിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ മാതാപിതാക്കളുടെ സംഗമങ്ങൾ അതാത് ഫൊറോനകളിൽ സംഘടിപ്പിക്കുകയാണ്. ബഹു. വികാരി അച്ചന്മാർ ഗുണഭോക്താക്കളുടെ മാതാപിതാക്കളിൽ ആരെങ്കിലും ഒരാളെ നിർബന്ധമായും പ്രസ്തുത മീറ്റിംഗിലേയ്ക്ക് പറഞ്ഞുവിടണമെന്ന് താല്പര്യപ്പെടുന്നു.

| ഫൊറോന | സ്ഥലം | ദിവസം | സമയം |
|---|---|---|---|
| ഇടയ്ക്കാട് | കത്തീഡ്രൽ | 24/7/15 | 5pm |
| കൈപ്പുഴ | കൈപ്പുഴ | 25/7/15 | 5pm |
| ഉഴവൂർ | ഉഴവൂർ | 15/8/15 | 5pm |
| കിടങ്ങൂർ | കിടങ്ങൂർ | 16/8/15 | 5pm |
| രാജപുരം | രാജപുരം | 30/8/15 | 5pm |

മറ്റ് ഫൊറോനാകളിലെ മീറ്റിംഗ് പിന്നീട് അറിയിക്കുന്നതാണ്. ബഹു. അച്ചന്റെ സഹകരണത്തിന് നന്ദിപറഞ്ഞുകൊണ്ടും, ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും,

ഈശോയിൽ സ്നേഹപൂർവ്വം

**✠ മാർ ജോസഫ് പണ്ടാരശ്ശേരിൽ**

**കോട്ടയം അതിരൂപതയുടെ സഹായമെത്രാൻ**

## EDACAT FORANE

| | | |
|---|---|---|
| Cathedral Church | - | 87000 |
| S.H. Mount | - | 82611 |
| Charamangalam | - | 20425 |
| Malloossery | - | 94110 |
| Veliyanad | - | 20000 |
| Neericad | - | 55650 |
| Peroor | - | 30600 |
| Edacat | - | Nil |
| Caritas | - | Nil |
| East Nattassery | - | Nil |
| Kannamkara | - | Nil |
| Kumarakom | - | Nil |
| Olessa | - | Nil |
| Pachira | - | Nil |
| Sankranthi | - | Nil |
| Vakathanam | - | Nil |

## UZHAVOOR FORANE

| | | |
|---|---|---|
| Uzhavoor | - | 162402 |
| Pius Mount | - | 36700 |
| Monippally | - | 56260 |
| Puthuvely | - | 51003 |
| Amanakara | - | Nil |
| Areekkara | - | Nil |
| Chettukulam | - | Nil |
| Edakoly | - | Nil |
| Veliyannoor | - | Nil |

## KAIPUZHA FORANE

| | | |
|---|---|---|
| Chamakala | - | 74826 |
| Neendoor | - | 73250 |
| Ettumanoor | - | 79000 |
| Vechoor | - | 4600 |

| | | |
|---|---|---|
| Kurumulloor | - | 37500 |
| Kaipuzha | - | Nil |
| Kallara old | - | Nil |
| Makudalayam | - | Nil |
| Mannanam | - | Nil |
| Palathuruthu | - | Nil |

## KADUTHURUTHY FORANE

| | | |
|---|---|---|
| Kaduthuruthy | - | 56100 |
| Memmury | - | 45700 |
| Mangidappally | - | 6600 |
| Eravimangalam | - | 61620 |
| Kothanalloor | - | 5315 |
| Poozhikol | - | 32651 |
| Velloor | - | 10350 |
| Pazhuthuruthu | - | Nil |
| Arunoottimangalam | - | Nil |
| Brahmamangalam | - | Nil |
| Ernakulam | - | Nil |
| Kallara New | - | Nil |
| Kuruppumthara | - | Nil |
| Neezhoor | - | Nil |
| Piravam | - | Nil |
| Ramamangalam | - | Nil |
| Thottara | - | Nil |

## KIDANGOOR FORANE

| | | |
|---|---|---|
| Koodalloor | - | 50000 |
| Cherukara | - | 63702 |
| Kidangoor | - | 138000 |
| Mannoor | - | 56050 |
| Punnathura | - | 223833 |
| Kattachira | - | 42600 |
| Cherpunkal | - | Nil |
| Maridom | - | Nil |

## CHUNKOM FORANE

| | | |
|---|---|---|
| Karimkunnam | - | 200000 |
| Muttom | - | 25000 |
| Mrala | - | 31150 |
| Chunkom | - | 25000 |
| Manakkad | - | Nil |
| Marika | - | Nil |
| Parambancherry | - | Nil |
| Vadakkummury | - | Nil |
| Varappetty | - | Nil |

## MALANKARA FORANE

| | | |
|---|---|---|
| Thengely | - | 9700 |
| Kattode | - | 15700 |
| Kuttoor | - | 22410 |
| Chengalam | - | 12100 |
| Trivandrum | - | 18000 |
| Kallissery | - | 27000 |
| Vithura | - | 7390 |
| Ranni | - | Nil |
| Aythala | - | Nil |
| Chingavanam | - | Nil |
| Eraviperoor | - | Nil |
| Othara | - | Nil |
| Punaloor | - | Nil |
| Ramamangalam | - | Nil |
| Thiruvanvandoor | - | Nil |
| Thuruthikad | - | Nil |

## PADAMUGHOM FORANE

| | | |
|---|---|---|
| Padamughom | - | 33750 |
| N.R. City | - | 14860 |
| Bison Valley | - | 30850 |
| Chakkupallam | - | Nil |

| | | |
|---|---|---|
| Kattappana | - | Nil |
| Poothaly | - | Nil |
| Senapathy | - | Nil |
| Thadiyampad | - | Nil |
| Thellithode | - | Nil |

## RAJAPURAM FORANE

| | | |
|---|---|---|
| Odayanchal | - | 23600 |
| Chullikara | - | 86550 |
| Ajekar | - | 28000 |
| Ranipuram | - | 6460 |
| Nelliyady | - | 9915 |
| Rajapuram | - | Nil |
| Airode | - | Nil |
| Kadaba | - | Nil |
| Kallar | - | Nil |
| Kottody | - | Nil |
| Malakkallu | - | Nil |
| Malom | - | Nil |
| Pookkayam | - | Nil |

## MADAMPAM FORANE

| | | |
|---|---|---|
| Madampam | - | 101700 |
| Michaelgiri | - | 14120 |
| Payyavoor Town | - | 26920 |
| Alex Nagar | - | 17740 |
| Arayangad | - | 15210 |
| Pothukuzhy | - | Nil |
| Thiroor | - | Nil |
| Chamathachal | - | Nil |
| Kanamvayal | - | Nil |
| Kannoor | - | Nil |
| Kottoorvayal | - | Nil |
| Kozhikode | - | Nil |

| | | |
|---|---|---|
| Manjakkad | - | Nil |
| Mankuzhy | - | Nil |
| Nuchiyad | - | Nil |
| Panniyal | - | Nil |
| Chandanakampara | - | Nil |
| Payyavoor | - | Nil |
| Peringala | - | Nil |

## PERIKKALLOOR FORANE

| | | |
|---|---|---|
| Pius Nagar | - | 10000 |
| Echome | - | 14000 |
| Kappiset | - | 12150 |
| Perikkalloor | - | Nil |
| Christ Nagar | - | Nil |
| Kottathara | - | Nil |
| Pulinjal | - | Nil |
| Puthussery | - | Nil |
| Thettamala | - | Nil |

## CHANGALERI FORANE

| | | |
|---|---|---|
| Amarambalam | - | 2900 |
| Chulliyode | - | 7750 |
| Attappady | - | 18000 |
| Changaleri | - | Nil |
| Kanthalam | - | Nil |
| Mangalagiri | - | Nil |
| Munderi | - | Nil |

Ref: 2866/K-5/KCBC/OL/DS 13.7.2015

# ജസ്റ്റീസ് സൺഡെ 2015
# ആഗസ്റ്റ് 16, ഞായർ
# കെസിബിസി SC/ST/BC കമ്മീഷൻ
# പുറപ്പെടുവിക്കുന്ന സർക്കുലർ

## കേരള നിയമസഭ ദലിത് ക്രൈസ്തവർക്കു ഭരണഘടനവിഭാവന ചെയ്തിട്ടുള്ള അവകാശങ്ങൾ നല്കുന്നതിനുള്ള പ്രമേയം പാസാക്കണം.

യേശുക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

"നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻമാർ.... അവർക്കു സംതൃപ്തി ലഭിക്കും. നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാൻമാർ....അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും" (മത്തായി 5:6-9).

നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും പീഡനങ്ങൾ സഹിക്കുകയും ചെയ്യുകയാണ് ഭാരതത്തിലെ ദലിത് ക്രൈസ്തവ സമൂഹം. പിറന്ന മണ്ണിൽ സഹോദരതുല്യം ജീവിക്കാനുള്ള നീതി നിഷേധിക്കപ്പെട്ട അവസ്ഥ തുടരുന്നു. ഭരണഘടന ഉറപ്പുതരുന്ന അവസരസമത്വവും തുല്യപരിഗണനയും ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ നമുക്ക് ലഭിക്കാതെ പോകുന്നു. അർഹമായ വിദ്യാഭ്യാസവും തൊഴിലും ആനുകൂല്യങ്ങളും ഭരണകാര്യങ്ങളിൽ പങ്കാളിത്തവും നിഷേധിക്കപ്പെടുന്നു. ഈ പ്രത്യേക പശ്ചാത്തലത്തിലാണ് ഈ വർഷം ആഗസ്റ്റ് 16-ാം തീയതി "നീതിഞായർ" ആചരിക്കുന്നത്. തികച്ചും പ്രതികൂലസാഹചര്യങ്ങളിലും തങ്ങൾക്ക് ലഭിച്ച വിശ്വാസത്തെ ദൈവത്തിന്റെ ദാനമായും സമ്പത്തായും കരുതി പ്രത്യാശയോടെ നീതിക്കുവേണ്ടി പോരാടുന്ന ദലിത് ക്രൈസ്തവരോടുള്ള ഐക്യദാർഢ്യം ഭാരതസഭ പ്രഖ്യാപിക്കുന്ന ദിവസവുമാണ് "നീതിഞായർ".

ഗോത്രവർഗങ്ങളെപ്പോലെ മതവ്യത്യാസമില്ലാതെ എല്ലാ ദലിത് വിഭാഗങ്ങളും സ്വതന്ത്രഭാരതത്തിൽ തുല്യമായ സംവരണാനുകൂല്യങ്ങൾ അനുഭവിച്ചിരുന്നു. എന്നാൽ 1950 ആഗസ്റ്റ് 10-ന് രാഷ്ട്രപതിയുടെ ഉത്തരവിലൂടെ ഹിന്ദുക്കളല്ലാത്ത ദലിതരെയെല്ലാം സംവരണത്തിനായുള്ള പട്ടികയിൽ നിന്ന് ഒഴിവാക്കി. ഭരണഘടനാവിരുദ്ധമായ പ്രസ്തുത ഉത്തരവിനെതിരെ അന്നുമുതൽ സമരങ്ങളും പ്രക്ഷോഭങ്ങളും ആരംഭിച്ചു. 1956-ൽ സിക്കുമതക്കാരായ ദലിതരെയും 1990-ൽ ബുദ്ധമതക്കാരായ ദലിതരെയും സംവരണപട്ടികയിൽ വീണ്ടും ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നല്കിവരുന്നു. ക്രൈസ്തവരും മുസ്ലീമുകളും ഇന്നും സംവരണ പട്ടികയിൽ നിന്നും പുറത്താണ്. മുസ്ലീമുകൾക്കുവേണ്ടി കേന്ദ്രസർക്കാർ നിയമിച്ച സച്ചാർ കമ്മിറ്റി നല്കിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിനാൽ അവരുടെ ജീവിതനിലവാരം കുറച്ചൊക്കെ മെച്ചപ്പെട്ടുവരുന്നു. ദലിത് ക്രൈസ്തവർക്കുവേണ്ടി രംഗനാഥമിശ്ര കമ്മിഷൻ സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ മുൻ സർക്കാരും ഇപ്പോഴത്തെ സർക്കാരും തയ്യാറായിട്ടില്ല. അതു നടപ്പിലാക്കണമെന്ന് പറയാൻ രാഷ്ട്രീയകക്ഷികൾ മടിക്കുകയാണ്. സുപ്രീം കോടതിയിൽ ദലിത് ക്രൈസ്തവർ നടത്തിവരുന്ന കേസുമായി ബന്ധപ്പെട്ട് സർക്കാർ അടിയന്തരമായി നല്കേണ്ട മറുപടിപോലും നല്കിയിട്ടില്ല.

ദലിത് ക്രൈസ്തവർക്ക് ഭരണഘടന അനുശാസിക്കുന്ന സംവരണാനുകൂല്യങ്ങൾ നല്കണമെന്ന് തമിഴ്നാട് നിയമസഭ ഏകകണ്ഠേന പ്രമേയം പാസാക്കിയിട്ടും രാഷട്രീയപ്രബുദ്ധത അവകാശപ്പെടുന്ന കേരളനിയമസഭയ്ക്ക് ഒരു പ്രമേയം പാസാക്കാൻ സാധിച്ചിട്ടുമില്ല. ദലിത് ക്രൈസ്തവരുടെ ഉന്നമനത്തിനായി സ്ഥാപിതമായിരിക്കുന്ന പരിവർത്തിത ശുപാർശിത വികസന കോർപ്പറേഷന് അർഹിക്കുന്ന ഫണ്ട് നീക്കിവയ്ക്കാൻ കേരളത്തിലെ ധനകാര്യവകുപ്പിനും സാധിക്കാതെ പോകുന്നു. ഇങ്ങനെയുള്ള അതിദാരുണമായ സാഹചര്യങ്ങൾ എല്ലാക്കാലത്തും ദലിത് ക്രൈസ്ത

വസമൂഹം അനുഭവിക്കുന്നു. അതുകൊണ്ടാണ് ദലിത് ക്രൈസ്തവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനും ഈ സമൂഹത്തിന്റെ പ്രശ്നങ്ങൾ പൊതുസമൂഹത്തിനെ അറിയിക്കുന്നതിനുമായി സ്വാതന്ത്ര്യദിനം കഴിഞ്ഞുവരുന്ന ഞായർ "നീതിഞായറാ"യി ആചരിക്കാൻ ഭാരത കത്തോലിക്കാ മെത്രാൻ സമിതി 1986-ൽ തീരുമാനമെടുത്തത്. ദലിത് ക്രൈസ്തവരുടെ ഭരണഘടനാപരമായ അവകാശം നേടിയെടുക്കാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ!

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025.

# കൂരിയ വാർത്തകൾ

## New Appointments

| | | |
|---|---|---|
| Rev. Fr. James Plathottathil | - | Germany |
| Rev. Fr. Luke ( Sathish) Ramachanatt | - | Changaleri |
| Rev. Fr. Boby Kochuparambil | - | Priest in charge Eravimangalam (Additional) |
| Rev. Fr. Jacob Kottiyanickal | - | Asst. Piravom |
| Rev. Fr. Sunny Karithuruthel | - | Germany |

## സമർപ്പിതവർഷ സമാപനം ജനുവരി 26 ന് കോട്ടയത്ത്

കോട്ടയം : അതിരൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സമർപ്പിതവർഷ സമാപനം 2016 ജനുവരി 26–ന് കോട്ടയം ബി.സി.എം. കോളജ് ഓഡിറ്റോറിയത്തിൽ നടക്കും. അതിരൂപതയിലെ എല്ലാ സമർപ്പിത സമൂഹാംഗങ്ങളും അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ സന്യസ്തരും കൂടാതെ അതിരൂപതയിൽ നിന്നും മിഷനറിമാരായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനം ചെയ്യുന്ന സമർപ്പിതരും ഈ സംഗമത്തിൽ പങ്കുചേരും. അന്നേ ദിവസം രാവിലെ വിവിധ സന്യസ്ത സമൂഹങ്ങളുടെ സേവന മേഖലകളെയും മിഷനറി പ്രവർത്തനങ്ങളെയും മനസിലാക്കുവാൻ വഴിയൊരുക്കും. ഉച്ചകഴിഞ്ഞ് 2–ന് ക്രിസ്തുരാജാ കത്തീഡ്രലിൽ കൃതജ്ഞതാ ബലിയും നടത്തപ്പെടുന്നതാണ്. സമാപനാഘോഷങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ, അതിരൂപതയിലെ വൈദികർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, വിവിധ സംഘടനാ ഭാരവാഹികൾ എന്നിവരും പങ്കെടുക്കും. വിശദവിവരങ്ങൾക്കായി അതിരൂപതാംഗങ്ങളായ മിഷനറിമാർ vg@kottayamad.org എന്ന ഇ–മെയിലിൽ ബന്ധപ്പെടാവുന്നതാണെന്ന് വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് അറിയിച്ചു.

## അതിരൂപതാദിനാഘോഷം ഓഗസ്റ്റ് 29 – ന്

കോട്ടയം: കോട്ടയം അതിരൂപതയുടെ സ്ഥാപക ദിനാഘോഷങ്ങൾ ഓഗസ്റ്റ് –29 ന് തൂവാനീസയിൽ വച്ച് വിപുലമായ പരിപാടികളോടെ നടത്തപ്പെടുന്നതാണ്. ദിനാഘോഷത്തിന്റെ മുന്നോടിയായി ഓഗസ്റ്റ് 23 ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ എല്ലാ ഇടവകകളിലും പതാകാദിനമായി ആചരിക്കും.

ഓഗസ്റ്റ് 29-ന് രാവിലെ 10 മുതൽ ക്നാനായ കത്തോലിക്കാ കോൺഗ്രസ് ജനറൽ ബോഡി യോഗം തൂവാനീസയിൽ നടത്തപ്പെടുന്നതാണ്. ഉച്ചകഴിഞ്ഞ് കടുത്തുരുത്തി വലിയ പള്ളിയിൽ നിന്നും കെ. സി.വൈ.എൽ-ന്റെ നേതൃത്വത്തിൽ തൂവാനീസയിലേയ്ക്ക് പതാകാ പ്രയാണം നടക്കും. 2 pm-ന് തൂവാനീസയിൽ ക്നാനായ തനിമയാർന്ന കലാവിരുന്നും നടത്തപ്പെടുന്നതാണ്. 2.30 ന് അഭി. പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ നടക്കുന്ന ദിവ്യബലിയിൽ രൂപതയിലെ വൈദികരും സന്യസ്തരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും സംഘടനാ ഭാരവാഹികളും ഓരോ ഇടവകയിലെയും പാരീഷ് കൗൺസിൽ അംഗങ്ങളും പങ്കെടുക്കും. വൈകുന്നേരം 4-ന് നടക്കുന്ന സമാപന സമ്മേളനത്തിൽ തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ് ഞരളക്കാട്ട് മുഖ്യാതിഥിയായിരിക്കും.

## തൂവാനീസ പ്രോഗ്രാം

| | |
|---|---|
| **ആഗസ്റ്റ് 1, 8, 22** | പഠനാനുഭവ ധ്യാനം (SSLC വിദ്യാർത്ഥി കൾക്ക്) |
| 3 | **കോട്ടയം അതിരൂപതാ വൈദിക കൂട്ടായ്മ** |
| 3 | **വൈദികരുടെ വാർഷിക ധ്യാനം** |
| 12 | **100 മണിക്കൂർ അഖണ്ഡജപമാലയും, ആരാധനയും** |
| 16 | **ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം ഫാ. ജോസ് വടകര, ബ്ര. അലക്സ് & ടീം** |
| 23 | **ആന്തരിക വിശുദ്ധീകരണ ധ്യാനം ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം** |

# CHAITHANYA PROGRAMME
## August 2015

| *Date* | *Programme* |
|---|---|
| 1-2 | Better Life Meet |
| 4 | KSSS Deafblind State Level Training |
| 4-11 | KSSS Cow-rearing Training |
| 5 | KSSS Animators' Meeting |
| 6-8 | Pre-Marriage Course |
| 8 | KSSS Lifestyle -Diseases Eradication |
| | Campaign & Awareness Seminar |
| 11 | KSSS Perspective Planning Symposium |
| 12 | KSSS Coordinators Meeting |
| 12 | KSSS Central Level Federation Meeting |
| 14 | KCWA Annual Day |
| 17 | KSSS Farmer's Day Celebrations |
| 18 | Legion of Mary Meeting |
| 19 | KSSS Tailoring Training |
| 19 | KSSS Beautician Training |
| 20 | KSSS Coordinators Meeting |
| 22 | KSSS Alternative Lifestyle Training |
| 22 | KSSS Mushroom Cultivation Training |
| 22 | KSSS Ornament-making Training |
| 22 | KSSS Candle-making Training |
| 22 | KSSS Training in Bee-keeping |
| 22 | KSSS Training in Cake Making |
| 22 | DSSS Directors' Meet (CSR Workshop) |
| 23-26 | KCYL Camp |
| 25 | KSSS Smart Cluster Meeting |
| 25-26 | KSSS Onam Market |
| 25-26 | KSSS Onam Celebrations |
| 26-Sep.6 | Basic Science Training |
| 29 | Vincent de Paul Meeting |
| Sep.4 | KSSS Animators' Meeting |

# ലീജിയൻ ഓഫ് മേരി

ജൂലൈ 2-ാംതീയതി പ്രസിഡന്റിന്റെ അധ്യക്ഷതയിലും രൂപതാ ചാപ്ല യിൽ റവ. ഫാ. ജോസ് കുറുപ്പന്തറയുടെ സാന്നിധ്യത്തിലും ലീജിയൻ ഓഫ് മേരിയുടെ പ്രാർത്ഥനായോഗം നടത്തി. വരും ദിവസങ്ങളിൽ നട ത്തേണ്ടതായ പ്രവർത്തനങ്ങളെകുറിച്ച് ചർച്ച ചെയ്യുകയും ഓഗസ്റ്റ് 18-ാം തീയതി ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ പഠനകളരി നടത്താൻ തീരുമാനിക്കുകയും ചെയ്തു. അടുത്തയോഗം ഓഗസ്റ്റ് 4-ാം തീയതി ആയിരിക്കും.

**മോളി സൈമൺ കരിമ്പുംകാലായിൽ**
പ്രസിഡന്റ്

# ചെറുപുഷ്പ മിഷൻലീഗ്

## മാർ തോമസ് തറയിൽ ചരമദിനം

ചെറുപുഷ്പ മിഷൻ ലീഗ് കോട്ടയം അതിരൂപതയും സംസ്ഥാന സമി തിയും സംയുക്തമായി കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ വച്ച് 25-7-2015 ൽ മാർ തോമസ് തറയിൽ ചരമദിനാചരണവും ആരാധനയും നടത്തി. മാർ കുര്യാക്കോസ് കുന്നശ്ശേരി, ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. ജോബി പുച്ചൂക്കണ്ടത്തിൽ, ബെന്നി മുത്തനാട്ട്, അരുൺ സ്റ്റീഫൻ, ബിനു മാങ്കുട്ടത്തിൽ എന്നിവർ നേതൃത്വം നൽകി.

## രൂപതാ മേഖലാ സാഹിത്യ മത്സരം

ഓഗസ്റ്റ് 15 ഉച്ചകഴിഞ്ഞ് 1.30 ന് വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതായിരിക്കും.

## രൂപതാ പ്രവർത്തന വർഷ ഉദ്ഘാടനം

അറുനൂറ്റിമംഗലം: മിഷൻലീഗ് അംഗങ്ങൾ സഭയ്ക്കും സമുദായത്തി നും മാതൃക ആകണമെന്നു മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത പറഞ്ഞു. ചെറുപുഷ്പ മിഷൻ ലീഗ് അതിരൂപതാതല പ്രവർത്ത നോദ്ഘാടനവും മാർഗരേഖ പ്രകാശനവും സെന്റ് ജോസഫ് പള്ളിയിൽ നിർവഹിക്കുകയായിരുന്നു പിതാവ്.

എല്ലാ മിഷൻ ലീഗ് അംഗങ്ങളുടെയും വിവരങ്ങൾ ഉൾക്കൊള്ളുവാനും പ്രവർത്തനങ്ങൾ ഏകീകരിക്കാനും ഉതകുന്ന സോഫ്റ്റ്‌വെയറിന്റെ

ഉദ്ഘാടനവും മാർ മൂലക്കാട്ട് നിർവഹിച്ചു. മിഷൻലീഗ് സംസ്ഥാന-അതിരൂപത ഡയറക്ടർ ഫാ. ജോബി പുച്ചൂകണ്ടത്തിൽ അധ്യക്ഷതവഹിച്ചു. അതിരൂപത പ്രസിഡന്റ് അരുൺ സ്റ്റീഫൻ പൂക്കുമ്പേൽ, വികാരി ഫാ. ജോസഫ് കീഴങ്ങാട്ട്, ഫാ. ജോസ് ചിറപ്പുറത്ത്, ഫാ. സിറിയക് മറ്റത്തിൽ, സി. ലിസ്, ആൻ മരിയ എന്നിവർ പ്രസംഗിച്ചു. തുടർന്ന് കഴിഞ്ഞ വർഷത്തെ മികച്ച യൂണിറ്റുകൾക്കും മേഖലകൾക്കുമുള്ള അവാർഡ് മാർ മൂലക്കാട്ട് വിതരണം ചെയ്തു. സി.എം.എൽ സംസ്ഥാന സമിതി സമർപ്പിത വർഷത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയ മെമന്റോ സമർപ്പിതരെ പ്രതിനിധീകരിച്ച് സി. ഷൈനി എസ്.വി.എം ഏറ്റുവാങ്ങി. തുടർന്ന് വിവിധ കലാപരിപാടികൾ നടന്നു. പ്രസ്തുത ചടങ്ങിൽ സി. ലിസ സെമിനാർ നയിച്ചു.

## മിഷൻ ലീഗ് മടമ്പം ഫൊറോന പ്രവർത്തനോദ്ഘാടനം

മടമ്പം: മിഷൻ ലീഗ് മടമ്പം ഫൊറോന പ്രവർത്തനോദ്ഘാടനം ചമതച്ചാലിൽ മിഷൻ ലീഗ് മലബർ റീജിയൻ ഡയറക്ടർ ഫാ. ബിനീഷ് മാങ്കോട്ടിൽ ഉദ്ഘടനം ചെയ്തു. ഫാ. അരുൺ മുയൽ കല്ലുങ്കൽ, സി. ദർശന എസ്.ജെ.സി, ലിബിൻ കരിമ്പാലക്കൽ, ജിതിൻ മുതുകാട്ടിൽ, നിമ്യ പറമ്പേട്ട്,സി.ലിസാ അലക്സ്, ഫാ. ജോസ് ചക്കാലക്കൽ എന്നിവർ പ്രസംഗിച്ചു .

**ഫാ. ജോബി പുച്ചൂകണ്ടത്തിൽ**
ഡയറക്ടർ

# കെ. സി. വൈ. എൽ.

## അതിരൂപതാ യുവജനദിനാഘോഷം നടത്തി

കെ.സി.വൈ.എൻ അതിരൂപതാതല യുവജനദിനാഘോഷം വിപുലമായ പരിപാടികളോടെ കുറുമുള്ളൂരിൻ വെച്ച് നടത്തപ്പെട്ടു. അതിരൂപതാധ്യക്ഷൻ മാർ മാത്യൂ മൂലക്കാട്ട് മെത്രാപ്പോലിത്ത ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ഷിനോ കുന്നപ്പിള്ളിൽ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ ബഹു. വനം-ഗതാഗത വകുപ്പ് മന്ത്രി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഖ്യാതിഥി ആയിരുന്നു. സംസ്ഥാന യുവജന ക്ഷേമബോർഡ് അംഗം ശ്രീ. സിറിയക്ക് ചാഴികാടൻ ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ താരം ശ്രീ. ജസ്റ്റിൻ സ്റ്റീഫൻ

എന്നിവരെ ശ്രീ. മോൻസ് ജോസഫ് എം. എൻ. എ. ചടങ്ങിൽ ആദരിച്ചു. അതിരൂപതാ ചാപ്ലയിൽ ഫാ. സൈമൺ പുല്ലാട്ട്, സെക്രട്ടറി ദിനൂപ് മല യിൽ, കൈപ്പുഴ ഫൊറോന ചാപ്ലയിൽ ഫാ. മാത്യൂ കുഴിപ്പിള്ളിൽ, യൂണിറ്റ് ചാപ്ലയിൽ ഫാ. ജോസ് തേക്കുനിൽക്കുന്നതിൽ, യൂണിറ്റ് പ്രസിഡന്റ് അജീഷ് ജോയി മന്നാകുളത്തിൽ എന്നിവർ പ്രസംഗിച്ചു. ആഘോഷ പരിപാടികളോടനുബന്ധിച്ച് ഗ്രൂപ്പി ഫോട്ടോഗ്രാഫി മത്സരം, സ്കിറ്റ് മത്സരം എന്നിവ സംഘടിപ്പിച്ചു. ഫുഡ്ബോൾ താരം ജസ്റ്റിൻ സ്റ്റീഫൻ ഉദ്ഘാടനം ചെയ്ത ഫോട്ടോഗ്രാഫി മത്സരത്തിൽ കല്ലറ പഴയ പള്ളി, നീണ്ടൂർ, പാഴുത്തുരുത്ത് എന്നീ യൂണിറ്റുകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. സ്കിറ്റ് മത്സരത്തിൽ നീറിക്കാട് യുണിറ്റ് ഒന്നാം സ്ഥാനവും കല്ലറ പഴയ പള്ളി യൂണിറ്റ് രണ്ടാം സ്ഥാനവും ഇടക്കോലി യൂണിറ്റ് മൂന്നാം സ്ഥാനവും അതിരുപതാ ഭാരവാഹികളായ ഡോ. ഫ്രാൻസിസ് സിറിയക്, സി. സാങ്റ്റാ, ദീപു വടക്കേടത്ത്, ജിൻസ് പൂത്തറ, യൂണിറ്റ് ഭാരവാഹികൾ ജോൺ സിറിയക്, റ്റിജു കണ്ണംപള്ളിൽ എന്നി വർ പരിപാടികൾക്ക് നേതൃത്വം നൽകി. 2500-ഓളം യുവജനങ്ങൾ പരി പാടിയിൽ പങ്കെടുത്തു.

**ദിനൂപ് പി. മലയിൽ**
ജനറൽ സെക്രട്ടറി

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി വികസന പാതയിൽ വരും ദിനങ്ങളിൽ

## 18-ാ മത് ചൈതന്യ കാർഷിക മേളയും സ്വാശ്രയസംഘ മഹോത്സവവും നവംബർ 25 മുതൽ 29 വരെ തീയതികളിൽ

മദ്ധ്യകേരളത്തിലെ ഏറ്റവും വലിയ കാർഷിക മേളയും അമ്പ ത്തിആറായിരത്തിൽപരം കെ.എസ്.എസ്.എസ് സ്വാശ്രയ സംഘാംഗങ്ങ ളുടെ കുടുംബമഹോത്സവവുമായ 18-ാമത് ചൈതന്യകാർഷികമേളയും സ്വാശ്രയസംഘ മഹോത്സവവും നവംബർ 25 മുതൽ 29 വരെ തീയതി കളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു. മഹോത്സവത്തോട നുബന്ധിച്ച് വ്യത്യസ്തവും പുതുമനിറഞ്ഞതുമായ

വിഭവങ്ങളാണ് ഒരുക്കുന്നത്. സെമിനാറുകൾ, പ്രശ്നോത്തരികൾ, കാർഷികവിള പ്രദർശനങ്ങൾ, കാർഷിക മത്സരങ്ങൾ, ആസ്വാദ്യകരമായ കലാദൃശ്യവിരുന്നുകൾ, എക്സിബിഷനുകൾ, പ്രദർശന വിപണനസ്റ്റാളുകൾ, പൗരാണികഭോജനശാല, അമ്യൂസ്മെന്റ് പാർക്ക്, പക്ഷിമൃഗാദികളുടെ പ്രദർശനവും വിപണനവും, സമൂഹ്യക്ഷേമ കർമ്മപദ്ധതികളുടെ ഉദ്ഘാടനം, സ്വാശ്രയസംഘ കലാവിരുന്നുകൾ, വിശിഷ്ടവ്യക്തികളുടെ സാന്നിദ്ധ്യം തുടങ്ങിയ നിരവധിയായ ക്രമീകരണങ്ങൾ മേളയോടനുബന്ധിച്ച് ഒരുക്കുന്നതാണ്.

## ആകർഷക സമ്മാനങ്ങളുമായി ചൈതന്യ ജീവകാരണ്യ നിധി സമ്മാന കൂപ്പൺ

18-ാമത് ചൈതന്യ കാർഷികമേളയോടും സ്വാശ്രയസംഘ മഹോത്സവത്തോടും അനുബന്ധിച്ച് ആകർഷക സമ്മാനങ്ങളുമായി ചൈതന്യ ജീവകാരണ്യ നിധി സമ്മാനക്കൂപ്പൺ ഒരുങ്ങുന്നു. മുൻവർഷങ്ങളിലെ മഹോത്സവത്തോടനുബന്ധിച്ച് വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്ന ചൈതന്യ ജീവകാരുണ്യ നിധി ചികിത്സാ സഹായ പദ്ധതി വിഭവസമാഹരണം വൻവിജയമാക്കി തീർത്തതിന്റെ തുടർച്ചയായിട്ടാണ് 18-ാമത് കാർഷിക മേള സമ്മാന കൂപ്പൺ ഒരുക്കുന്നത്. കൂപ്പൺ ഒന്നിന് 10 രൂപയാണ്. കാർഷികമേളയോടനുബന്ധിച്ച് നടപ്പിലാക്കുന്ന സമ്മാന കൂപ്പൺ പദ്ധതിയിൽ ഒന്നാം സമ്മാനമായി സിറിൾസ് ജൂവലറി, കോട്ടയം സ്പോൺസർ ചെയ്യുന്ന ഒരു പവൻ സ്വർണ്ണവും രണ്ടാം സമ്മാനമായി ഫ്രിഡ്ജും മൂന്നാം സമ്മാനമായി തയ്യൽ മെഷീനും നാലാം സമ്മാനമായി സോളാർ റാന്തൽ വിളക്കും കൂടാതെ 1000 ൽ പരം ഗ്രാമതലസമ്മാനങ്ങളുമാണ് ഒരുക്കിയിരിക്കുന്നത്. സമ്മാന കൂപ്പണിന്റെ പ്രകാശന കർമ്മം ആഗസ്റ്റ് 17-ന് ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ സംഘടിപ്പിക്കുന്ന കർഷക ദിനാചരണത്തോടനുബന്ധിച്ച് നടത്തപ്പെടും.

## പൊതുവിള പ്രദർശന മത്സരം

കർഷകരേയും കാർഷിക മേഖലയേയും പ്രോത്സാഹിപ്പിക്കുന്നതിനായി 18-ാമത് മേളയോടനുബന്ധിച്ച് വ്യക്തിഗത വിളപ്രദർശന മത്സരം സംഘടിപ്പിക്കുന്നു. ചേന, കാച്ചിൽ, മരച്ചീനി, വിളവെത്തിയ തേങ്ങാക്കുല, ഏത്തക്കുല, പാളയംകോടൻ വാഴക്കുല, മത്തങ്ങ എന്നീ കാർഷിക ഇനങ്ങളിലാണ് മത്സരം സംഘടിപ്പിക്കുന്നത്. പൊതുവിള പ്രദർശനത്തിന്

കൊണ്ടുവരുന്ന വിളകൾ അതത് കർഷകരുടെ ഉത്തരവാദിത്വത്തിൽ കൊണ്ടുവരേണ്ടതാണ്. ഓരോ കാർഷിക ഇനത്തിനും ഒന്നാം സമ്മാനമായി 1000 രൂപയും രണ്ടാം സമ്മാനമായി 750 രൂപയും നൽകുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ നവംബർ 24-ാം തീയതി വിളകൾ ചൈതന്യയിൽ എത്തിക്കേണ്ടതാണ്.

## കേന്ദ്രതല ഫെഡറേഷൻ മീറ്റിംഗ് സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസിന്റെ വിവിധ സ്വാശ്രയസംഘ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുന്ന കേന്ദ്രതല ഫെഡറേഷൻ ഭാരവാഹികളുടെ യോഗം സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 12 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ചൈതന്യയിലാണ് മീറ്റിംഗ് സംഘടിപ്പിക്കുന്നത്. കെ.എസ്.എസ്.എസ് സ്വാശ്രയസംഘ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതോടൊപ്പം നവംബർ 25 മുതൽ 29 വരെ തീയതികളിൽ സംഘടിപ്പിക്കുന്ന 18-ാമത് ചൈതന്യ കാർഷികമേളയോടും സ്വാശ്രയസംഘമഹോത്സവത്തോടുമനുബന്ധിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായാണ് മീറ്റിംഗ് സംഘടിപ്പിച്ചിരിക്കുന്നത്.

## ജീവിതശൈലീരോഗ നിർമ്മാർജ്ജന യജ്ഞവും അവബോധ സെമിനാറും സംഘടിപ്പിക്കുന്നു

ആരോഗ്യമാണ് സമ്പത്ത് എന്ന ബോദ്ധ്യം സമൂഹത്തിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ അനുദിനം വർദ്ധിച്ചു വരുന്ന ജീവിത ശൈലി രോഗങ്ങൾക്കെതിരായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും വെൽനെസ്സ് സൊല്യൂഷനും സംയുക്തമായി ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ സഹകരണത്തോടെ ജീവിതശൈലീ രോഗ നിർമ്മാർജ്ജന യജ്ഞവും അവബോധ സെമിനാറും സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 8 ശനിയാഴ്ച രാവിലെ 10 മണി മുതൽ ചൈതന്യയിലാണ് സെമിനാർ സംഘടിപ്പിക്കുന്നത്. സെമിനാറിന്റെ ഉദ്ഘാടനം ബഹു. കേരള ധനകാര്യ വകുപ്പ് മന്ത്രി കെ.എം.മാണി നിർവ്വഹിക്കും. കേന്ദ്ര മനുഷ്യാവകാശ കമ്മീഷൻ അംഗം ജസ്റ്റീസ് സിറിയക് ജോസഫ്, ഡോ. എ. ശ്രീകുമാർ തുടങ്ങി പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും.

## കെ.എസ്.എസ്.എസ് പ്രവർത്തന കർമ്മരേഖാ രൂപീകരണ സിമ്പോസിയം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർ പ്രവർത്തനങ്ങൾക്കാ

യുള്ള മാർഗ്ഗരേഖാ രൂപീകരണത്തിനുമായുള്ള വികസന സിമ്പോസിയം ഓഗസ്റ്റ് 11 ചൊവ്വാഴ്ച ചൈതന്യയിൽ സംഘടിപ്പിക്കുന്നു. സാമൂഹ്യ ക്ഷേമം ലക്ഷ്യമാക്കിയുള്ള നൂതന കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായാണ് സിമ്പോസിയം സംഘടിപ്പിച്ചിരിക്കുന്നത്.

## കർഷകദിനാചരണം സംഘടിപ്പിക്കുന്നു

കർഷകദിനമായ ചിങ്ങം 1-ാം തീയതി (ആഗസ്റ്റ് 17) തിങ്കളാഴ്ച വിപുലമായ പരിപാടികളോടെ കെ.എസ്.എസ്.എസ് കർഷക ദിനാചരണം ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ സംഘടിപ്പിക്കുന്നു. രാവിലെ 10.30 മുതൽ നടത്തപ്പെടുന്ന ദിനാചരണത്തോടനുബന്ധിച്ച് കർഷകർക്ക് നൂതന ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ച് അവബോധം നൽകുന്ന സെമിനാറും മത, സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പൊതുസമ്മേളനവും നടത്തപ്പെടും. ദിനാചരണത്തോടനുബന്ധിച്ച് കർഷകർക്കായി വിറക് കീറൽ മത്സരവും കാർഷിക പശ്ചാത്തലത്തിൽ സ്വാശ്രയസംഘാംഗങ്ങൾ അണിനിരക്കുന്ന കർഷക സെൽഫി മത്സരവും നടത്തപ്പെടും.

## ഹൈറേഞ്ച് മേഖല കർഷകദിനാചരണവും നേതൃസംഗമവും സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസും ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയും സംയുക്തമായി ഹൈറേഞ്ച് മേഖലയിലെ വിവിധ ഗ്രാമങ്ങളുടെ പങ്കാളിത്തത്തോടെ കർഷകദിനാചരണവും നേതൃസംഗമവും സംഘടിപ്പിക്കുന്നു. കർഷകർക്ക് അറിവ് പകർന്ന് നൽകുന്നതോടൊപ്പം മാതൃകാ പ്രവർത്തനങ്ങൾ നടത്തുന്നവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ഓഗസ്റ്റ് 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മുതൽ തടിയമ്പാട് മരിയസദൻ അനിമേഷൻ സെന്ററിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. കാർഷിക മേഖലയിലെ വെല്ലുവിളികളും പരിഹാരങ്ങളും എന്ന വിഷയത്തിൽ സെമിനാറും സംഘകൃഷി സബ്സിഡി വിതരണവും ജീവകാരുണ്യനിധി ചികിത്സാ സഹായ വിതരണവും മത-സാമൂഹ്യ രാഷ്ട്രീയ സാംസ്ക്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പൊതുസമ്മേളനവും ദിനാചരണത്തോടനുബന്ധിച്ച് നടത്തപ്പെടും.

## കെ.എസ്.എസ്.എസ് കേന്ദ്രതല ഓണാഘോഷം ചൈതന്യയിൽ

തിരുവോണത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ ഓണാഘോഷം സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് 25 ന് കൈപ്പുഴ മേഖലയുടെ നേതൃത്വത്തിലും 26 ന് ഇടയ്ക്കാട് മേഖലയുടെ നേതൃത്വത്തിലുമാണ് ഓണാഘോഷം സംഘടിപ്പിക്കുന്നത്. ഓണക്കളികൾ, വിവിധ മത്സരങ്ങൾ എന്നിവ ആഘോഷത്തോടനുബന്ധിച്ച് നടത്തപ്പെടും.

## കെ.എസ്.എസ്.എസ് സ്വാശ്രയ ഓണച്ചന്ത

കെ.എസ്.എസ്.എസ് കേന്ദ്രതല ഓണാഘോഷപരിപാടികളുടെ ഭാഗമായി സ്വാശ്രയ ഓണച്ചന്ത ഒരുക്കുന്നു. ആഗസ്റ്റ് 25, 26 തീയതികളിൽ ചൈതന്യയിലാണ് ഓണച്ചന്ത ഒരുക്കുന്നത്. കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങളിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറികൾ, ഉപ്പേരി, അച്ചാറുകൾ, വിവിധതരം പൊടികൾ, നാളീകേരം, ഓണക്കിറ്റുകൾ, പായസക്കിറ്റുകൾ തുടങ്ങിയവ ഓണച്ചന്തയിലൂടെ വിപണനം ചെയ്യും.

## അദ്ധ്യാപക ദിനാചരണം സംഘടിപ്പിക്കുന്നു

ദേശീയ അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് വിപുലമായ പരിപാടികളോടെ അദ്ധ്യാപക ദിനാചരണം സംഘടിപ്പിക്കുന്നു. ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കെ.എസ്.എസ്.എസ് നടപ്പിലാക്കി വരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയിൽ പങ്കാളികളായി ഭിന്നശേഷിയുള്ളവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സ്കൂൾ അദ്ധ്യാപകർ, ഫീൽഡ് വർക്കേഴ്സ്, റിസോഴ്സ് ടീച്ചേഴ്സ് എന്നിവരെ ഉൾപ്പെടുത്തിയാണ് സെപ്റ്റംബർ 5 ന് ദിനാചരണം ചൈതന്യയിൽ സംഘടിപ്പിക്കുന്നത്. ദിനാചരണത്തോടനുബന്ധിച്ച് പൊതുസമ്മേളനവും സെമിനാറും അദ്ധ്യാപകരെ ആദരിക്കലും നടത്തപ്പെടും.

## ഗ്രാമസമുദ്ധാരണ പദ്ധതി – വരുമാന പദ്ധതി വിലയിരുത്തൽ

സ്വാശ്രയസംഘാംഗങ്ങൾക്ക് സുസ്ഥിര വരുമാന സംരംഭക സാധ്യതകൾ തുറന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടു കൂടി ഫ്രാൻസ് കേന്ദ്രമായി പ്രവർത്തിക്കുന്ന ലാസിം സംഘടനയുമായി സഹകരിച്ച് കെ.എസ്.എസ്.എസ് നടപ്പിലാക്കി വരുന്ന ഗ്രാമസമുദ്ധാരണ പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ 9, 10 തീയതികളിൽ വെച്ചൂർ, പാലത്തുരുത്ത്, കുമരകം, വെളി

യനാട് എന്നീ ഗ്രാമങ്ങളിലെ ഗുണഭോക്താക്കൾ നടപ്പിലാക്കി വരുന്ന വരുമാന പദ്ധതികൾ ലാംസി സംഘടന പ്രതിനിധി സന്ദർശിക്കുന്നതാണ്.

## തിമിര നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് പ്രവർത്തന ഗ്രാമങ്ങളിൽ സംഘടിപ്പിച്ച് വരുന്ന തിമിര നിർണ്ണയ ക്യാമ്പുകളുടെ ഭാഗമായി ജൂലൈ മാസത്തിൽ മുട്ടം, കൂടല്ലൂർ ഗ്രാമങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ക്യാമ്പിൽ പങ്കെടുത്ത് രോഗ നിർണ്ണയം നടത്തിയവർക്ക് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ സൗജന്യ ശസ്ത്രക്രിയ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ആഗസ്റ്റ് 30 ന് രാവിലെ 9 മുതൽ വാരപ്പെട്ടി സെന്റ് മേരീസ് ചർച്ച് പാരിഷ് ഹാളിൽ തിമിര നിർണ്ണയക്യാമ്പ് നടത്തപ്പെടും.

## പെരുവന്താനം ഗ്രാമപഞ്ചായത്ത് മഴവെള്ള സംഭരണി നിർമ്മാണ പ്രവർത്തന ഉദ്ഘാടനം ഓഗസ്റ്റ് 1 ന്

സംസ്ഥാന സർക്കാരിന്റെ ജലവിഭവ വകുപ്പിന്റെ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിയുടെ ഭാഗമായി മഴകേന്ദ്രം നടപ്പിലാക്കുന്ന മഴ വെള്ള സംഭരണി നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിൽ കെ.എസ്.എസ്.എസ് നിർമ്മിക്കുന്ന മഴവെള്ള സംഭരണികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഓഗസ്റ്റ് 1 ന് ബഹു. കേരള ജല വിഭവ വകുപ്പ് മന്ത്രി പി. ജെ. ജോസഫ് നിർവ്വഹിക്കും. ഇ.എസ്.ബിജിമോൾ എം.എൽ.എ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ ടിങ്കു ബിസ്വാൾ IAS, ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.പി.തോമസ്, പെരുവന്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജാൻസി ടോമി, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് തുടങ്ങി പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും. പദ്ധതിയുടെ ഭാഗമായി പതിനായിരം ലിറ്ററിന്റെ 200 ഓളം മഴവെള്ള സംഭരണികളാണ് കെ.എസ്.എസ്.എസ് പെരുവന്താനം ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച് നൽകുന്നത്.

## ഭവന രഹിതർക്ക് സാന്ത്വനമായി ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി

സംസ്ഥാന സർക്കാരിന്റെ ഭവന നിർമ്മാണ ബോർഡുമായി സഹകരിച്ച് കെ.എസ്.എസ്.എസ് നടപ്പിലാക്കി വരുന്ന ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി നിർദ്ധന കുടുംബങ്ങൾക്ക് സാന്ത്വനമായി മാറുന്നു. പദ്ധതിയുടെ ഭാഗമായി 15 ഭവനങ്ങളുടെ നിർമ്മാണമാണ് പുരോഗമിച്ചു വരുന്നത്. നിർദ്ധന വ്യക്തികൾക്കായി 100 ഭവനങ്ങൾ നിർമ്മിച്ച് നൽകാനാണ് പദ്ധതി വഴി കെ.എസ്.എസ്.എസ് ലക്ഷ്യമിടുന്നത്. പദ്ധതിയിൽ പങ്കാളികളാകുവാൻ താല്പര്യമുള്ളവരും പദ്ധതി വഴി സഹായം ലഭ്യമാക്കാനുദ്ദേശിക്കുന്ന സുമനസ്സുകളും 9947507515 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അഗാപ്പെ ഡെ കെയർ സെന്ററുകളിൽ ഓണാഘോഷം

ഭിന്നശേഷിയുള്ളവർക്കായി കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള അഗാപ്പെ ഡെ കെയർ സെന്ററുകളിൽ ഓണാഷോഷം സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് 19 ന് കൈപ്പുഴയിലും 20 ന് സമരിറ്റൻ സെന്ററിലും ഓഗസ്റ്റ് 26 ന് കുമരകത്തും ഓണാഘോഷം നടത്തപ്പെടും. ഓണാഘോഷത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങളും കുട്ടികളുടെ കലാപരിപാടികളും ക്രമീകരിച്ചിട്ടുണ്ട്.

# പരിശീലനങ്ങൾ

## പശുവളർത്തൽ പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഡയറി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റും സംയുക്തമായി പശുവളർത്തൽ പരിശീലനം സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 4 മുതൽ 11 വരെ ചൈതന്യ കമ്മ്യൂണിറ്റി കോളേജിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. പരിശീലനത്തോടനുബന്ധിച്ച് പശുവളർത്തലിന്റെ ശാസ്ത്രീയ രീതികൾ, തീറ്റപ്പുൽകൃഷി, പശുവിനുണ്ടാകുന്ന രോഗങ്ങൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി വിദഗ്ദ്ധരുടെ ക്ലാസും പഠന യാത്രയും ക്രമീകരിക്കും.

## ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം

സ്വാശ്രയസംഘാംഗങ്ങളിൽ ബദൽ ജീവിത ശൈലി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്. എസ്.എസിന്റെ നേതൃത്വത്തിൽ ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ

പരിശീലനം സംഘടിപ്പിക്കുന്നു.ഓഗസ്റ്റ് 22-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

## ബ്യൂട്ടീഷ്യൻ പരിശീലനം

നൂതന തൊഴിൽ സംരംഭക സാധ്യതകൾ സ്വാശ്രയ സംഘാംഗങ്ങൾക്കായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഒരു മാസം നീണ്ടു നിൽക്കുന്ന ബ്യൂട്ടീഷ്യൻ പരിശീലനം ഓഗസ്റ്റ് 19 ബുധനാഴ്ച മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. ത്രെഡിംഗ്, വാക്സിംഗ്, ബ്ലീച്ചിംഗ്, ഫേഷ്യൽ, ഹെയർ കട്ടിംഗ്, ഹെന്ന, പെഡിക്യൂർ, മെനിക്യൂർ, ഹോട്ട് ഓയിൽ മസാജ്, സ്പിഞ്ചിംഗ്, ബ്രൈഡൽ മേക്കപ്പ്, കാത് കുത്ത്, കാത് ഒട്ടിക്കൽ, ഫ്ളവർ അറേഞ്ച്മെന്റ്, കാർ ഡെക്കറേഷൻ എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

## തയ്യൽ പരിശീലനം

നൂതന തൊഴിൽ സംരംഭക സാധ്യതകൾ സ്വാശ്രയ സംഘാംഗങ്ങൾക്ക് തുറന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെ ഓഗസ്റ്റ് 19 ബുധനാഴ്ച മുതൽ ചൈതന്യയിൽ തയ്യൽ പരിശീലനം സംഘടിപ്പിക്കുന്നു. അടിസ്ഥാന തയ്യൽ പരിശീലനവും, ചുരിദാർ, നൈറ്റി, സാരി ബ്ലൗസ് തുടങ്ങിയ ഇനങ്ങളിലുമാണ് പരിശീലനം സംഘടിപ്പിക്കും.

## കൂൺ കൃഷി പരിശീലനം

പരിസ്ഥിതി സൗഹൃദ കൃഷി രീതികളിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസ് കൂൺകൃഷി പരിശീലനം ഓഗസ്റ്റ് 22-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കി കൂൺകൃഷി യൂണിറ്റ് തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ സാമഗ്രികൾ ചൈതന്യ കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കുന്നതോടൊപ്പം കൂൺ വിപണനത്തിനുള്ള സാധ്യതകളും ക്രമീകരിക്കും.

## ആഭരണ നിർമ്മാണ പരിശീലനം

സ്വാശ്രയ സംഘാംഗങ്ങൾക്ക് വിവിധ സ്വയം തൊഴിൽ പദ്ധതികളിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ആഭരണ നിർമ്മാണ പരിശീലനം സംഘടിപ്പി

ക്കുന്നു. ഓഗസ്റ്റ് 22-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. ആഭരണ നിർമ്മാണത്തിന്റെ പ്രാഥമിക പരിശീലനം, കമ്പികെട്ട് എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

## മെഴുകുതിരി നിർമ്മാണ പരിശീലനം

വിവിധ സ്വയം തൊഴിൽ പദ്ധതികളിൽ പരിശീലനം നൽകി സ്വാശ്രയ സംഘാംഗങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ചൈതന്യയിൽ മെഴുകുതിരി നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു.ഓഗസ്റ്റ് 22-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റിൽ നിന്നാണ് പരിശീലനം ലഭ്യമാക്കുക.

## തേനീച്ച വളർത്തൽ പരിശീലനം

ഉപവരുമാന പദ്ധതികളുടെ പ്രോത്സാഹനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന വിവിധങ്ങളായ പരിശീലനങ്ങളുടെ ഭാഗമായി കെ.എസ്.എസ്. എസിന്റെ നേതൃത്വത്തിൽ തേനീച്ച വളർത്തൽ പരിശീലനം സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് 22 ശനിയാഴ്ച രാവിലെ 10.30 മുതൽ സംഘടിപ്പിക്കുന്ന പരിശീലനത്തിൽ തേനീച്ച വളർത്തലിന്റെ ശാസ്ത്രീയ രീതികൾ, തേൻ ശേഖരണ മാർഗ്ഗങ്ങൾ, ശുദ്ധീകരണ മാർഗ്ഗങ്ങൾ, തേനിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പരിചയപ്പെടുത്തൽ തുടങ്ങിയ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകും.

## കേക്ക് നിർമ്മാണ പരിശീലനം

സ്വാശ്രയസംഘാംഗങ്ങളുടെ പാചക നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ഉപവരുമാന പദ്ധതി പ്രോത്സാഹനവും ലക്ഷ്യമിട്ട് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി കേക്ക് നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. പ്ലം കേക്ക് നിർമ്മാണത്തിൽ ഓഗസ്റ്റ് 22 ന് രാവിലെ 10.30 മുതൽ ചൈതന്യയിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

# കെ.എസ്.എസ്.എസ് പോയ വാരങ്ങളിൽ

## പുരുഷ സ്വാശ്രയസംഘാംഗങ്ങൾക്കായി നേതൃത്വ പരിശീലനം

സംഘ ശാക്തീകരണ പ്രവർത്തനങ്ങളിലൂടെ കാർഷിക മേഖലയ്ക്ക് കൂടുതൽ കരുത്ത് പകരുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.

എസിന്റെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിൽ രൂപീകൃതമായിരിക്കുന്ന പുരുഷ സ്വാശ്രയസംഘങ്ങളിലെ അംഗങ്ങൾക്കും നാളികേര ഉത്പാദക സംഘ ഭാരവാഹികൾക്കുമായി നേതൃത്വ പരിശീലന ക്യാമ്പ് ജൂലൈ 11, 12 തീയതികളിൽ ചൈതന്യയിൽ സംഘടിപ്പിച്ചു. നേതൃത്വ പാടവം, ആശയവിനിമയം, ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചലനാത്മകത, ഭാരവാഹികളുടെ ഉത്തരവാദിത്വം, കർഷകർക്ക് ലഭ്യമാകുന്ന വിവിധ ഗവൺമെന്റ് ആനുകൂല്യങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് വിദഗ്ദ്ധർ ക്ലാസ്സുകൾ നയിച്ചു.85 പുരുഷ സ്വാശ്രയസംഘ പ്രതിനിധികൾ പരിശീലനത്തിൽ പങ്കെടുത്തു.

## ഡോക്ടേഴ്സ് ഡേ ദിനാചരണം സംഘടിപ്പിച്ചു

ദേശീയ ഡോക്ടേഴ്സ് ഡേ യോടനുബന്ധിച്ച് ചുങ്കം മേഖലയുടെ നേതൃത്വത്തിൽ ഡോക്ടേഴ്സ് ഡേ ദിനാചരണം സംഘടിപ്പിച്ചു. ചുങ്കം സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളിലാണ് ദിനാചരണം സംഘടിപ്പിച്ചത്. ദിനാചരണത്തിന്റെ ഉദ്ഘാടനം ഡോ. സ്റ്റീഫൻ ചാഴികാട് നിർവ്വഹിച്ചു. ചുങ്കം ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോർജ്ജ് പുതുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ മുഖ്യപ്രഭാഷണം നടത്തി. ദിനാചരണത്തോടനുബന്ധിച്ച് തൊടുപുഴ ചാഴികാട് ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ. ജോസഫ് സ്റ്റീഫൻ ചാഴികാടിനെ ആദരിച്ചു. പരിപാടികളോടനുബന്ധിച്ച് 'ആരോഗ്യ സുരക്ഷയും പ്രായോഗിക തലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും' എന്ന വിഷയത്തെക്കുറിച്ച് ഡോ. ജെസ്സിൽ കെ.എബ്രഹാം ക്ലാസ്സ് നയിച്ചു. നൂറ്റിയമ്പതോളം അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

## മേഖലാ നവോമി സംഗമങ്ങൾ

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ വിധവകൾക്കും കുടുംബഭാരം പേറുന്ന സ്ത്രീകൾക്കുമായി രൂപീകൃതമായിരിക്കുന്ന നവോമി ഗ്രൂപ്പുകളെ കോർത്തിണക്കികൊണ്ട് സംഘടിപ്പിച്ചുവരുന്ന നവോമി മേഖലാ സംഗമങ്ങളുടെ ഭാഗമായി മലങ്കര മേഖലയുടെ സംഗമം ജൂൺ 29 ന് പാച്ചിറ സെന്റ് മേരീസ് ചർച്ച് പാരിഷ് ഹാളിലും കിടങ്ങൂർ മേഖലയുടെ സംഗമം ജൂലൈ 4 ന് സമരിറ്റൻ റിസോഴ്സ് സെന്ററിലും ഉഴവൂർ മേഖലയുടെ സംഗമം ജൂലൈ 10 ന് അമനകര സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പാരിഷ് ഹാളിലും ഇടയ്ക്കാട് മേഖലയുടെ സംഗമം ജൂലൈ 30 ന് മള്ളൂശ്ശേരി

സെന്റ് തോമസ് ചർച്ച് പാരിഷ് ഹാളിലും സംഘടിപ്പിച്ചു. സംഗമങ്ങളോട നുബന്ധിച്ച് ഫിസിയോ തെറാപ്പിസ്റ്റ് വീണ ജോസ് ക്ലാസ്സ് നയിച്ചു.

## സൗജന്യ വൃക്കരോഗ നിർണ്ണയ ക്യാമ്പ് നടത്തി

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പൂഴിക്കോലിൽ പ്രവർത്തി ക്കുന്ന സെന്റ് ലൂക്കാസ് സൗഹൃദവേദിയുടെ അഭിമുഖ്യത്തിൽ ഫാ. ഡേവിഡ് ചിറമ്മേൽ നേതൃത്വം നൽകുന്ന കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ സൗജന്യ വൃക്കരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം. എൽ.എ നിർവഹിച്ചു. പൂഴിക്കോൽ ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോസ് തറപ്പുതൊട്ടിയിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്. എസ് സെക്രട്ടറി ഫാ.ബിൻസ് ചേത്തലിൽ, സൗഹൃദവേദി പ്രസിഡന്റ് ജോയിസ് തോമസ്, ഷിബു പീറ്റർ, ലൂക്കോസ് എം.എ എന്നിവർ ചട ങ്ങിൽ പ്രസംഗിച്ചു ഇരുന്നൂറോളം പേർ ക്യാമ്പിൽ പങ്കെടുത്തു.

## സൗഹൃദവേദി മേഖലാ സംഗമം സംഘടിപ്പിച്ചു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ഉഴവൂർ മേഖലയിൽ പ്രവർത്തി ക്കുന്ന പുരുഷ സ്വാശ്രയസംഘാംഗങ്ങളെ കോർത്തിണക്കി ക്കൊണ്ട് സൗഹൃദവേദി മേഖലാ സംഗമം സംഘടിപ്പിച്ചു. ജൂൺ 28ന് പയസ് മൗണ്ട് സെന്റ് പയസ് ടെൻത് ഹാളിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രകാശ് വടക്കേൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്. എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, പയസ് മൗണ്ട് ഗ്രമവികസന സമിതി പ്രസിഡന്റ് ഫാ. ഡിനോ കുമ്മണിക്കാട്ട്, സൗഹൃദവേദി മേഖല പ്രതിനിധി ബിജു എൻ കുടക്കപ്പാറ എന്നിവർ പ്രസംഗിച്ചു. സംഗമത്തോട നുബന്ധിച്ച് ജൈവകൃഷിരീതികളെ ആസ്പദമാക്കി അനന്തുകൃഷ്ണൻ ക്ലാസ്സ് നയിച്ചു. 72 പുരുഷ സ്വാശ്രയസംഘ പ്രതിനിധികൾ പങ്കെടുത്തു.

## സ്മാർട്ട് അനിമേറ്റേഴ്സ് പരിശീലനം സംഘടിപ്പിച്ചു

5,6,7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യ മാക്കി കെ.എസ്.എസ്.എസ് രൂപം നൽകിയിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പു കൾക്ക് നേതൃത്വം നൽകുന്ന എല്ലാ അനിമേറ്റേഴ്സിനും സ്മാർട്ട് പരീ ശിലകർക്കുമായി ജൂലൈ 14-ാം തീയതി ചൈതന്യയിൽ പരിശീലനം സംഘടിപ്പിച്ചു. കൈപ്പുഴ സെന്റ് ജോർജ്ജ് വൊക്കേഷണൽ ഹയർസെ

ക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ തോമസ് മാത്യു പരിശീലനത്തിന് നേതൃത്വം നൽകി. 90 പേർ പരിശീലനത്തിൽ പങ്കെടുത്തു.

## സ്വാശ്രയ വരുമാന സംരംഭകത്വ പരിശീലനം സംഘടിപ്പിച്ചു

വിവിധ സ്വയം തൊഴിൽ പരിശീലനങ്ങളിലൂടെ സ്വാശ്രയസംഘാംഗങ്ങൾക്ക് വരുമാന സാധ്യതകൾ തുറന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെ വിവിധ വരുമാന സംരംഭകത്വ പരിശീലനങ്ങൾ ജൂലൈ 22 ന് ചൈതന്യയിൽ സംഘടിപ്പിച്ചു. പാചകം, സ്ക്രീൻ പ്രിന്റിംഗ്, ഫ്ളവർ അറേഞ്ച്മെന്റ്, ആഭരണ നിർമ്മാണം എന്നിവയിലാണ് സൗജന്യ തൊഴിൽ പരിശീലനം സംഘടിപ്പിച്ചത്. 165 അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തു.

## കർക്കിടക കഞ്ഞിക്കിറ്റുകൾ ലഭ്യമാക്കി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ആയുർവ്വേദ ആശുപത്രിയുമായി സഹകരിച്ച് കർക്കിടക കഞ്ഞിക്കിറ്റുകൾ ലഭ്യമാക്കി. രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിച്ച് ശരീരത്തിന് ഉണർവ്വ് പ്രദാനം ചെയ്യുക മഴക്കാല സാംക്രമിക രോഗങ്ങളെ ചെറുത്ത് ശരീരത്തിന് ശക്തി പകരുക എന്നീ ലക്ഷ്യങ്ങളോടെ കാരിത്താസ് ആയുർവ്വേദ ആശുപത്രിയിൽ തയ്യാറാക്കിയ കർക്കിടക കഞ്ഞിക്കിറ്റുകളാണ് വിതരണം ചെയ്തത്.

## സ്മാർട്ട് ക്ലസ്റ്റർ മീറ്റിംഗ് സംഘടിപ്പിക്കുന്നു

ഇടയ്ക്കാട് മേഖലയുടെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിൽ രൂപീകൃതമായിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പുകളെ കോർത്തിണക്കിക്കൊണ്ട് ക്ലസ്റ്റർ മീറ്റിംഗ് ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 25 ന് രാവിലെ 10.30 മുതൽ സംഘടിപ്പിക്കുന്ന ക്ലസ്റ്റർ മീറ്റിംഗിനോടനുബന്ധിച്ച് വിവിധ മത്സരങ്ങളും കലാപരിപാടികളും സെമിനാറും ക്രമീകരിച്ചിട്ടുണ്ട്. ഇടയ്ക്കാട് മേഖലയിലെ എല്ലാ സ്മാർട്ട് കൂട്ടുകാരും ക്ലസ്റ്റർ മീറ്റിംഗിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

## ഹൈറേഞ്ച് മേഖലയിൽ സ്മാർട്ട് ഗ്രൂപ്പ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നു

5,6,7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയും കെ.എസ്.എസ്. എസും സംയുക്തമായി ഹൈറേഞ്ച് മേഖലയിൽ സ്മാർട്ട് ഗ്രൂപ്പ് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നു. പ്രവർത്തനങ്ങളുടെ ഭാഗമായി മേഖലയിലെ അഞ്ച് ഗ്രാമങ്ങളിലാണ് സ്മാർട്ട് ഗ്രൂപ്പുകൾ രൂപീകൃതമായിരിക്കുന്നത്. എൻ.ആർ.സിറ്റി, സേനാപതി, പടമുഖം, തെള്ളിത്തോട്, നാരകക്കാനം എന്നീ ഗ്രാമങ്ങളിലാണ് സ്മാർട്ട് ഗ്രൂപ്പുകൾ രൂപീകരിച്ചിരിക്കുന്നത്.

## സ്മാർട്ട് ക്ലസ്റ്റർ മീറ്റിംഗ് സംഘടിപ്പിച്ചു

കൈപ്പുഴ മേഖലയുടെ നേതൃത്വത്തിൽ മേഖലയിലെ എല്ലാ ഗ്രാമങ്ങളിലുമായി രൂപീകൃതമായിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പംഗങ്ങളെ കോർത്തിണക്കിക്കൊണ്ട് സ്മാർട്ട് ക്ലസ്റ്റർ മീറ്റിംഗ് സംഘടിപ്പിച്ചു. മാന്നാനം, പാലത്തുരുത്ത്, കൈപ്പുഴ, കുറുമുള്ളൂർ, നീണ്ടൂർ. ചാമക്കാല, മകുടാലയം ഗ്രാമങ്ങളിലെ കുട്ടികളെ ഉൾപ്പെടുത്തി നീണ്ടൂർ സെന്റ് മൈക്കിൾസ് ചർച്ച് ഹാളിലും മേമ്മൂറി, ഇരവിമംഗലം, പുതിയ കല്ലറ, പഴയ കല്ലറ ഗ്രാമങ്ങളിലെ കുട്ടികളെ ഉൾപ്പെടുത്തി പുതിയ കല്ലറ സെന്റ് മേരീസ് ചർച്ച് ഹാളിലുമാണ് ക്ലസ്റ്റർ മീറ്റിംഗുകൾ സംഘടിപ്പിച്ചത്. 'ഇന്നത്തെ സമൂഹവും കുട്ടികളും' എന്ന വിഷയത്തിൽ ചൈൽഡ് ലൈൻ പ്രോഗ്രാം കോർഡിനേറ്റേഴ്സായ ബിന്ദു വർഗീസ്, ജോമോൻ പി.എൽ എന്നിവർ ക്ലാസ്സ് നയിച്ചു. വിവിധ മത്സരങ്ങളും കലാപരിപാടികളും നടത്തപ്പെട്ടു. വിവിധ ഗ്രാമങ്ങളിൽ നിന്നായി 144 കുട്ടികൾ പങ്കെടുത്തു

**ഫാ. ബിൻസ് ചേത്തലിൽ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## വൃക്ഷതൈകൾ വിതരണം ചെയ്തു

മലബാർ സോഷ്യൽ സർവിസ് സൊസൈറ്റി പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ നിലമ്പൂർ തേക്കിൻ തൈകൾ സൗജന്യമായി വിതരണം ചെയ്തു. പ്രസ്തുത വൃക്ഷതൈ വിതരണ ഉത്ഘാടനം രാജപുരം ഫൊറോന വികാരി ഫാ. ഷാജി വടക്കേത്തൊട്ടി നിർവഹിച്ചു. മാസ്സ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയ്ക്കൽ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ശ്രീമതി ലാലി സണ്ണി, ശ്രീ. മനു അലക്സ് എന്നിവർ പ്രസംഗിച്ചു 1000 കുടുംബങ്ങൾക്കാണ് വൃക്ഷതൈകൾ വിതരണം ചെയ്തത്.

## മുറ്റത്തൊരു ജാതിതൈ പദ്ധതി ഉദ്ഘാടനം ചെയ്തു

മലബാർ സോഷ്യൽ സർവിസ് സൊസൈറ്റി പ്രകൃതി സൗഹാർദ്ദ പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ണൂർ മേഖലയിൽ നടപ്പിലാക്കുന്ന ''മുറ്റത്തൊരു ജാതി തൈ പദ്ധതി" ഉദ്ഘാടനം മടമ്പം ഫൊറോന വികാരി ഫാ. ജോർജ് കപ്പുകാലായിൽ നിർവഹിച്ചു. മടമ്പം സെന്റ് മേരിസ് പാരിഷ്

ഹാളിൽ അലക്സ്നഗർ പള്ളി വികാരി ഫാ. സ്റ്റീഫൻ കൊളക്കാട്ടു കുടിയുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനത്തിലാണ് പദ്ധതി യുടെ ഉത്ഘാടനം നടന്നത്. മലബാർ സോഷ്യൽ സർവിസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ പദ്ധതി വിശദികരണം നടത്തി. ഇ. ജെ ജോസ് ചെട്ടിയാത്ത്, അബ്രഹാം യു. പി, ബെന്നി പി. ജോൺ, മനു അലക്സ്, ജെസ്സി തങ്കച്ചൻ എന്നിവർ പ്രസംഗിച്ചു. കണ്ണൂർ ജില്ല യുടെ വിവിധ ഭാഗങ്ങളിൽ പദ്ധതി പ്രകാരം 1500 കർഷക കുടുംബ ങ്ങൾക്കാണ് ജാതിതൈകൾ സൗജന്യമായി നല്കുന്നത്.

## സാമ്പത്തിക സാക്ഷരതാ ബോധവത്ക്കരണ സെമിനാർ

പയ്യാവൂർ: ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റെ ധനസഹാ യത്തോടുകുടി മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സംഘടി പ്പിക്കുന്ന സാമ്പത്തിക സാക്ഷരതാ ബോധവത്ക്കരണ സെമിനാർ പയ്യാ വൂർ സെന്റ് ആൻസ് പാരീഷ് ഹാളിൽ നടന്നു. പ്രസ്തുത സെമിനാർ ജില്ലാ ലീഡ് ചീഫ് മാനേജർ ശ്രീ. ഹേമന്ദ് രാമന്റെ അദ്ധ്യക്ഷതയിൽ ഭാരതീയ റിസർവ്വ് ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. നബാർഡ് ജില്ലാ വികസന മാനേജർ ശ്രീ. എസ്.എസ് നാഗേഷ് ആമുഖ പ്രഭാഷണം നടത്തി. മലബാർ സോഷ്യൽ സർവിസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, പയ്യാ വൂർ സെന്റ് ആൻസ് പള്ളി വികാരി ഫാ. ലൂക്ക് കരിമ്പിൽ, കണ്ണൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ജനറൽ മാനേജർ ശ്രീ. എ. കെ പുരുഷോത്ത മൻ, കേരള ഗ്രാമീണ ബാങ്ക് റീജണൽ മാനേജർ ശ്രീമതി പ്രസന്ന എൻ. കെ, ജ്ഞാനജ്യോതി സാമ്പത്തിക സാക്ഷരതാ സെന്റർ കൗൺസി ലർ ശ്രീ. ധനഞ്ജയൻ, മാസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് ബാങ്കിംഗ് നിക്ഷേപവും ആസൂത്രണവും ഗ്രാമീണമേഖലയിൽ, വിവിധ പെൻഷൻ & ഇൻഷുറൻസ് സ്കീമുകളുടെ നേട്ടങ്ങൾ, വിവിധ നിക്ഷേപങ്ങളും കൃത്യമായ തിരിച്ചടവും, വിവിധ ഗവൺമെന്റ് പദ്ധതികൾ തുടങ്ങിയ വിഷ യങ്ങളെ ആസ്പദമാക്കി ശ്രീമതി പ്രസന്ന കെ. വി, ശ്രീ. എ. കെ പുരു ഷോത്തമൻ, ശ്രീ. വാസുദേവൻ നമ്പൂതിരി, ശ്രീ. എസ്. എസ് നാഗേഷ് തുടങ്ങിയ സാമ്പത്തിക വിദഗ്ധർ ക്ലാസ്സുകൾ നയിച്ചു. കണ്ണൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ഇരുനൂറോളം പേർ പങ്കെടുത്തു.

## പ്രധാൻമന്ത്രി സുരക്ഷ ബീമായോജന ഇൻഷുറൻസ് സ്കീം ആരംഭിച്ചു

കണ്ണൂർ: മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി മലബാർ മേഖലയിൽ നടപ്പിലാക്കുന്ന ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമായി സംഘാംഗങ്ങളെ പ്രധാൻമന്ത്രി സുരക്ഷാ ബീമായോജന ഇൻഷുറൻസ് സ്കീമിൽ അംഗങ്ങളാക്കുന്നു. പ്രസ്തുത സ്കീം പ്രകാരം 12 രൂപ വാർഷിക പ്രീമിയമായി അടയ്ക്കുമ്പോൾ ഒരു വർഷത്തേയ്ക്ക് 2 ലക്ഷം രൂപ അപകട ഇൻഷുറൻസ് ആയി ലഭിക്കുന്നു. പ്രസ്തുത ഇൻഷുറൻസ് സ്കീമിലേയ്ക്ക് പ്രീമിയം അടച്ച് അംഗങ്ങളെ ചേർത്തു കൊണ്ട് ഭാരതിയ റിസർവ് ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. രവീന്ദ്രൻ പദ്ധതി ഉദ്ഘാടനം ചെയ്തു. നബാർഡ് ജില്ലാ വികസന മാനേജർ ശ്രീ. എസ്. എസ്. നാഗേഷ്, മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ എന്നിവർ പ്രസംഗിച്ചു.

## ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതി

മാസ്സ് ജില്ലാ ഭരണകൂടം കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവയുടെ സഹായത്തോടെ കണ്ണൂർ, കാസർഗോഡ് മേഖലകളിൽ വിപുലമായ ക്ഷയരോഗ നിർമ്മാർജ്ജന ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, തയ്യൽ തൊഴിലാളികൾ, ഹെൽത്ത് വർക്കേഴ്സ്, തൊഴിലുറപ്പ് തൊഴിലാളികൾ, കർഷക സംഘാംഗങ്ങൾ തുടങ്ങിയ ഫോക്കസ് ഗ്രൂപ്പുകൾക്കാണ് ക്ലാസുകൾ നൽകിയത്. കൂടാതെ വീടുകൾ കയറി അടിസ്ഥാന വിവരശേഖരണം, കൗൺസിലിംഗ് എന്നിവ നടത്തുന്നു. രോഗലക്ഷണമുള്ളവർക്ക് സൗജന്യ പരിശോധനയും തുടർന്ന് ചികിത്സയും നൽകുന്നു.

## തയ്യൽ പരിശീലനം ആരംഭിച്ചു

സ്വാശ്രയ സംഘാംഗങ്ങളെ വിവിധ തൊഴിൽ പരിശീലനങ്ങളിലൂടെ സ്വയം പര്യാപ്തതയിലേക്കു നയിക്കുക എന്ന ലക്ഷ്യത്തോടെ മാസ്സ് കൊട്ടോടിയിൽ സൗജന്യ തയ്യൽ പരിശീലനം ആരംഭിച്ചു. രണ്ടു മാസം നീണ്ടു നിൽക്കുന്ന പരിശീലനത്തിന് ശ്രീമതി മേരികുട്ടി ജോജോ, ശ്രീമതി ആൻസി ജോസഫ്, ശ്രീമതി ലാലി സണ്ണി എന്നിവർ നേതൃത്വം നല്കുന്നു.

## സെമിനാർ സംഘടിപ്പിച്ചു

മാസ്സ് നബാർഡിന്റെ ധനസഹായത്തോടെ പയ്യാവൂർ-എരുവേശ്ശി പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഗോത്ര വർഗ്ഗ വികസന പദ്ധതിയുടെ

ഭാഗമായി വാതിൽമട കോളനിയിൽ വെച്ച് ആയുർവേദ ചികിത്സാരീതിയെ ആസ്പദമാക്കി സെമിനാർ നയിച്ചു. ഡോ. രാജേഷ് കെ. ആണ് ക്ലാസ് നയിച്ചത്. മാസ്സ് വാടി ടീം അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി, വിവിധ കോളനികളിൽനിന്നായി 150 പേർ പങ്കെടുത്തു.

## കർഷക ഉത്പാദകസംഘം പദ്ധതി രാജപുരം മേഖല

രാജപുരം: മാസ്സ് നബാർഡിന്റെ സഹായത്തോടുകൂടി ആരംഭിക്കുന്ന കർഷക ഉത്പാദകസംഘം പദ്ധതി പ്രകാരം രാജപുരം മേഖലയിലെ ക്ഷീരകർഷകർക്കു വേണ്ടി ചുള്ളിക്കര പാരിഷ് ഹാളിൽ വെച്ച് ബോധ വൽക്കരണ പരിപാടി സംഘടിപ്പിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രാഹം യു.പി. ഫാർമേഴ്സ് ഉത്പാദക സംഘത്തിന്റെ ആവശ്യക തയെ കുറിച്ചും അതിന്റെ നടത്തിപ്പിനെക്കുറിച്ചും ക്ലാസ് എടുത്തു. മാസ്സ് മേഖല കോർഡിനേറ്റർ ശ്രീമതി ആൻസി ജോസഫ്, ആനിമേറ്റേഴ്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## ശ്മശാന നിർമ്മാണം പൂർത്തീകരണത്തിലേയ്ക്ക്

മാസ്സ് ജലനിധി പദ്ധതിയുടെ ഭാഗമായി കതിരുർ പഞ്ചായത്തിൽ ശുചിത്വ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ശ്മശാന നിർമ്മാണം അവസാന ഘട്ടത്തിലേക്ക്. കേരളത്തിൽ ജലനിധി പദ്ധതിയുടെ ഭാഗ മായി നിർമ്മിക്കുന്ന ആദ്യത്തെ ഗ്യാസ് ശ്മശാനമാണ് ഇത്. ഈ പദ്ധതി ഓഗസ്റ്റ് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## നേതൃത്വ പരിശീലന ക്യാമ്പ്

മാസ്സ് ബാലബോധിനി പദ്ധതിയുമായി 7, 8, 9, 10 ക്ലാസുകളിൽ പഠി ക്കുന്ന കുട്ടികൾക്കായി നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. രാജപുരം മേഖലയിലെ കുട്ടികൾക്ക് രാജപുരം ഹോളി ഫാമിലി പാരിഷ് ഹാളിൽ വെച്ച് ഓഗസ്റ്റ് 25-ാം തീയതിയും മടമ്പം ഫൊറോനയിലെ കുട്ടി കൾക്ക് പയ്യാവൂർ സെന്റ് ആൻസ് പാരിഷ് ഹാളിൽ വെച്ച് ഓസ്റ്റ് 22-ാം തിയതിയും പെരിക്കല്ലൂർ ഫൊറോനയിലെ കുട്ടികൾക്കു ഓഗസ്റ്റ് 24-ാം തീയതിയും പാവന പാസ്റ്ററൽ സെന്ററിൽ വെച്ചു നടത്തപ്പെടുന്നു. രജി സ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

**ഫാ. സുനിൽ പെരുമാനൂർ** (സെക്രട്ടറി, മാസ്സ്)

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ജൂലൈ**

10 വെളിയന്നൂർ ഇടവകാംഗം പരേതയായ പുളിക്കപ്പറമ്പിൽ അന്നക്കുട്ടിയുടെ ഭവനത്തിൽ പരേതയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– ചൈതന്യയിൽ നടന്ന കെ.സി.സി.എം.ഇ കുട്ടികളുടെ ക്യാമ്പിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

11 ചൈതന്യയിൽ കൂടിയ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

– ചൈതന്യയിൽ കൂടിയ കമ്മീഷനുകളുടെ മീറ്റിംഗിൽ പങ്കെടുത്തു.

– വി. ബനഡിക്ടിന്റെ തിരുനാളിനോടനുബന്ധിച്ച് കാർലോസ് ദയറാ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

12 അതിരൂപതാ കാറ്റക്കിസം കമ്മീഷന്റെ വാർഷികത്തോടനുബന്ധിച്ച് പുതുവേലി ഇടവകയിൽ വി. ബലിയർപ്പിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

14 ചൈതന്യയിൽ കൂടിയ അതിരൂപതാ വൈദിക സമിതിയിൽ പങ്കെടുത്തു.

– ചൈതന്യയിൽ നടന്ന ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

15 അതിരൂപത മൈനർ സെമിനാരിയിൽ പുതുതായി ചേർന്ന വൈദിക വിദ്യാർത്ഥികളുടെയും അതിരൂപതയിലെ സന്യാസിനി സമൂഹങ്ങളിൽ പുതുതായി ചേർന്ന വിദ്യാർത്ഥിനികളുടെയും മീറ്റിംഗിൽ സംബന്ധിച്ച് വി. ബലിയർപ്പിച്ചു.

– ഏറ്റുമാനൂർ ഇടവകാംഗം പരേതയായ തേർവാലക്കട്ടയിൽ അന്നമ്മയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

17 കിടങ്ങൂർ സെന്റ് മേരീസ് സ്കൂളിൽ അതിരൂപത കെ.സി.എസ്.എൽ ന്റെ പ്രവർത്തന വർഷോദ്ഘാടനം നടത്തി.

18 അറുനൂറ്റിമംഗലത്ത് അതിരൂപത സി.എം.എൽ-ന്റെ പ്രവർത്തന വർഷോദ്ഘാടനം നടത്തി.

– സമർപ്പിതവർഷത്തോടനുബന്ധിച്ച് സെന്റ് ജോസഫ് ജനറലേറ്റിൽ കൂടിയ സമർപ്പിതരുടെ സംഗമത്തിൽ വി. ബലിയർപ്പിച്ചു.

19 കുറുമുള്ളൂരിൽ അതിരൂപത കെ.സി.വൈ.എൽ–ന്റെ നേതൃത്വത്തിൽ നടന്ന യുവജനദിനാഘോഷം ഉദ്ഘാടനം ചെയ്തു.

– സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് കിടങ്ങൂർ ഫൊറോനയുടെ നേതൃത്വത്തിൽ നടത്തിയ സമർപ്പിത സംഗമത്തിൽ പങ്കെടുത്തു.

21 തിരുവല്ലയിൽ നടന്ന പൗരസ്ത്യ കാനോൻ നിയമസംഹിതയുടെ രജതജൂബിലി സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

22,23 തൃശൂർ മേരിമാതാ മേജർ സെമിനാരിയിൽ സിനഡൽ കമ്മീഷന്റെ സന്ദർശനം നടത്തി.

23 നീണ്ടൂർ ഇടവകാംഗം പരേതയായ ചെമ്മാച്ചേൽ അല്ലി ടീച്ചറിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

25 സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് ഇടയ്ക്കാട്ട് ഫൊറോനയുടെ നേതൃത്വത്തിൽ നീറിക്കാട് നടത്തിയ സമർപ്പിത സംഗമത്തിൽ പങ്കെടുത്തു.

26 അഭി. തറയിൽ പിതാവിന്റെ ചരമദിനത്തോടനുബന്ധിച്ച് കത്തീഡ്രൽ ദേവാലയത്തിൽ വി. ബലിയർപ്പിച്ചു.

– കുമാരനല്ലൂരിൽ അന്യസംസ്ഥാന തൊഴിലാളികൾക്കു (ഹിന്ദി) വേണ്ടി നടത്തുന്ന പരദേശി ശുശ്രൂഷയുടെ പ്രഥമ വാർഷികം ഉദ്ഘാടനം ചെയ്തു.

– ഫൊറോനയുടെ കീഴിൽ വരുന്ന എല്ലാ പള്ളികളിൽ നിന്നുമുള്ള പാരീഷ് കൗൺസിൽ അംഗങ്ങളുടെ ചുങ്കത്ത് നടന്ന മീറ്റിംഗിൽ സംബന്ധിച്ചു.

27 വിസിറ്റേഷൻ മദർ ജനറാളിന്റെ ഫീസ്റ്റിനോടനുബന്ധിച്ച് വിസിറ്റേഷൻ ജനറലേറ്റിൽ വി. ബലിയർപ്പിച്ചു.

29 കളത്തിപ്പടി ഒ.ഐ.സി. ബഥനി ആശ്രമത്തിൽ നടന്ന ഫീസ്റ്റാഘോഷത്തിൽ പങ്കെടുത്തു.

30 അതിരൂപതാ മെത്രാസന മന്ദിരത്തിൽ കൂടിയ കെ.സി.ബി.സി. കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

ആഗസ്റ്റ്

1 സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് കടുത്തുരുത്തി ഫൊറോനയുടെ നേതൃത്വത്തിൽ കടുത്തുരുത്തി വലിയ പള്ളി യിൽ നടത്തിയ സമർപ്പിത സംഗമത്തിൽ പങ്കെടുത്തു.

1, 2 ബൈസൻവാലി ഇടവകയിൽ ഇടയസന്ദർശനം നടത്തി.

2 വിയാന്നി ഹോമിൽ നടത്തിയ വിയാന്നി ഡേ ആഘോഷത്തിൽ പങ്കെടുത്തു.

# ENGAGEMENTS

## Mar Mathew Moolakkatt

**August**

3-7 Annual retreat of priests at Thuvanisa.

4 60th Anniversary Celebration of BCM College, Kottayam

8 Priestly Ordination of Dn. Mathew Thanniparambil at Neendoor.

- Sacerdotal Silver Jubilee Celebrations of Rev. Fr. Joseph Pallithazath at Kallara Old.

- Parish Council meeting of Kaipuzha Forane.

9 Conclusion of the Silver Jubilee Celebration of Koodarayogam at Ettumanoor.

- Parish Council Meeting of Kidangoor Forane

14 Year of Consecrated life celebration of Malankara Forane at Kuttoor.

15 Holy Qurbana at Cathedral

16 Pastoral visit and conclusion of the centenary celebrations of Lourde Matha Church, Neericad.

17-29 Syro Malabar Bishop’s Synod at Kakkanad.

29. Archeparchial Day celebrations at Thuvanisa.

30 Pastrol visit at Chakkupallam

31 Holy Qurbana and the installation of the Relie of St. Peter at SS. Peter and Paul Church, Mrala.

**September**

1 Holy Qurbana and blessing of the new Presbytery at S.H. Mount

2 To USA

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ജൂലൈ 2015**

8 കോട്ടയം സെന്റ് ആൻസ് സ്റ്റഡി ഹൗസിന്റെ പുതിയ ബ്ലോക്കിന്റെ വെഞ്ചരിപ്പു കർമ്മം നടത്തി.

\- നിര്യാതയായ സി. ഗ്രാസിയാ എസ്.വി.എം ന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

\- ഗൾഫിലെ കുട്ടികൾക്കായി ചൈതന്യയിൽ സംഘടിപ്പിക്കപ്പെട്ട ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

10 കാരിത്താസ് ആയൂർവേദ ഹോസ്പിറ്റലിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

11 ചൈതന്യയിൽ കൂടിയ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

\- കോട്ടയം സാംസ്കാരികവേദി സംഘടിപ്പിച്ച ഇഫ്ത്താർ വിരുന്നിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

14 അതിരൂപതാ പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

15-16 ബാംഗ്ലൂർ ജീവാലയ സെമിനാരിയിൽ സിനഡൽ കമ്മീഷന്റെ സന്ദർശനം നടത്തി.

24 CEFAK ൽ നിന്നും സഹായം ലഭിക്കുന്ന ഇടയ്ക്കാട്ട് ഫൊറോനയിലെ കുട്ടികളുടെ മാതാപിതാക്കൾക്കുവേണ്ടി കത്തീഡ്രൽ പള്ളിയിൽ സംഘടിപ്പിക്കപ്പെട്ട സംഗമത്തിൽ പങ്കെടുത്തു.

25 നീറിക്കാട് വച്ച്, ഇടയ്ക്കാട്ട് ഫൊറോനാ സമർപ്പിത സംഗമത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

30 മാലക്കല്ല് ഇടവകാംഗമായ കൊളക്കാട്ടുകുടി ജോസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

**ഓഗസ്റ്റ് 2015**

1 ബറുമറിയം പാസ്റ്ററൽ സെന്ററിൽ കൂടിയ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി ജനറൽ ബോഡിമീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

2 നീണ്ടൂർ പള്ളിയുടെ 150-ാം ജൂബിലി ഉദ്ഘാടനം നടത്തി വി. കുർബാന അർപ്പിച്ചു.

- മെത്രാസന മന്ദിരത്തിൽ കൂടിയ കോളേജ് ഗവേണിംഗ് ബോഡി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

3 തൂവാനീസായിൽ കൂടിയ അതിരൂപതാ വൈദിക സംഗമത്തിൽ പങ്കെടുത്തു.

4-8 മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തിയ കെ.സി.ബി.സി. ധ്യാനത്തിൽ പങ്കെടുത്തു.

# Engagements

## Mar Joseph Pandarasseril

**August 2015**

8 Samarpitha Sangamam at Ettumanoor

9 Holy Qurbana and Conclusion of the Silver Jubilee of Koodarayogam at Ettumannor

10 Blessing of new block of Maryland H.S. Madampam.

13 Blessing of newly built convent at Malakallu.

15 CEFAK forane meet at Uzhavoor.

16 CEFAK forane meet at Kidangoor.

17-29 Synod at Mt. St. Thomas, Kakkanad.

29 Archeparchial day at Thuvanisa.

30 Malabar region catechetical commission meeting at Malakkallu.

- Parish Council meeting of Rajapuram Forane.

**September 2015**

2-6 Pastoral visit at Kallar.

# വചനദർശനം

## ഓഗസ്റ്റ് 9, ധനവാനും ലാസറും

**Luk. 16:19 - 31**

മനുഷ്യന്റെ ദൃഷ്ടിയിൽ ഇന്നത്തെ സുവിശേഷത്തിലെ ധനവാന് നീതികരണങ്ങൾ ഉണ്ട്. കാരണം അവൻ പാപം ചെയ്തില്ല. പടികടന്നു വരുന്ന യാചകനെ കാണുമ്പോൾ വാതലടക്കുകയും ആട്ടിപ്പായിക്കുകയും ചെയ്യുന്ന ചിലരെ പോലെ ധനവാൻ ലാസറിനോട് പെരുമാറിയില്ല. അവൻ ലാസറിനെ അവിടെ ഇരിക്കാൻ അനുവദിച്ചു. എന്നാലും സ്വർഗ്ഗരാജ്യ ത്തിൽ ഈ ധനവാൻ തിരസ്കൃതനാണ്, എന്തുകൊണ്ടാവാം? ചെയ്യാ മായിരുന്ന നന്മയും ചെയ്യാതിരിക്കുന്നതും പാപമാണ് എന്നത് ക്രൈസ്തവ ചിന്താഗതിയാണ്. ഇതുതന്നെയാണ് ഇന്നത്തെ സുവിശേ ഷത്തിലെ ധനവാനേയും സ്വർഗ്ഗരാജ്യത്തിന് പുറത്താക്കിയത്.

അതിനാൽ "ഉപേക്ഷയാൽ വന്നുപോയ തെറ്റുകൾക്കും" നന്മയ്ക്കും ദൈവത്തോട് മാപ്പിരക്കാം. നിഷ്ക്രിയ ധനവാനിൽ നിന്ന് ക്രിയാത്മകനായ നല്ല സമരിയാക്കാരനിലേക്ക് നാം വളരേണ്ടിയിരിക്കുന്നു. ഒരു ഹൃദയവും ഒരാത്മാവുമായി തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്നവകാശപ്പെടാതെ (അപ്പ. 4:32-37) പൊതുവായി കരുതിയ പൂർവപാരമ്പര്യം അവകാശപ്പെ ടുന്ന നമ്മുക്ക് ഇന്നത്തെ സുവിശേഷം ഒരു വെല്ലുവിളിയാണ്. കാരണം, ശിരസായ ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗങ്ങളാണ് ഓരോ വിശ്വാസിയും (1 കോറി. 12: 27). ആ നിലയ്ക്ക് ഒരു അവയവത്തിന്റെ വേദ നയും കുറവുകൾക്കും മറ്റുള്ളവയ്ക്കും ഉത്തരവാദിത്വമുണ്ട്. തന്നെപോലെ തന്റെ അയൽക്കാരനെ സ്നേഹിക്കുവാൻ പഠിപ്പിച്ചു ഗുരു കുരിശ്ശിൽ അത് പ്രകടമാക്കി. ആ ദിവ്യ ഗുരുവിന്റെ ശിഷ്യഗണത്തിന് ചുറ്റുമുള്ള ലാസറു മാരെ കാണാൻ സാധിക്കുന്നില്ലെങ്കിൽ കുറവുകൾ ഉണ്ട്.

അപരന്റെ വളർച്ചയിലും സമ്പത്തിലും അസൂയ നിറയുന്ന ഹൃദയ ങ്ങളേക്കാൾ നമ്മുക്കാവശ്യം പ്രതീക്ഷയോടെ കാത്തിരിക്കുന്ന ലാസറിന്റെ മനോഭാവമാണ്. കാരണം വിശാലമായ വാതിലുകളേക്കാൾ സ്വർഗ്ഗ ത്തിന്റെ ഇടുങ്ങിയ വാതിലുകളെ പുൽകുന്നവരാണ് രക്ഷ നേടുന്നത്.

## ഓഗസ്റ്റ് 16, പത്തു കുഷ്ഠരോഗികൾ

**Luk. 17:11 – 19**

ജീവിതത്തിൽ "തിരിഞ്ഞുനോട്ടങ്ങൾ" ചില ഉൾകാഴ്ചകൾ പ്രദാനം ചെയ്യും. കാരണം ഇന്നത്തെ ജീവിതത്തിലെ ദൈവത്തിന്റെ ഇടപെടലുകൾ മറവിയുടെ ഇന്നലെകളാകുമ്പോൾ, നാളകൾക്ക് പ്രതീക്ഷകൾ കുറയും. തിരിഞ്ഞുനോട്ടം തിരിച്ചറിവുകൾ നൽകും. ഈ തിരിച്ചറിവുകളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ രക്ഷയാക്കിയ ഒരുവനെ ഇന്നത്തെ സുവിശേഷം അവതരിപ്പിക്കുന്നു.

തന്റെ അന്ധകാരജീവിതത്തിൽ കാഴ്ച തന്നവൻ ലോകത്തിൽ പ്രകാശമാണെന്ന് തിരിച്ചറിഞ്ഞത് ഒരു വിജാതീയൻ മാത്രം. ഈ തിരിച്ചറിവാണ് നമ്മളും മനസിലാക്കേണ്ടത്. കാരണം, ഇന്നുവരെയുള്ള എന്റെ ജീവിതത്തിൽ അനുനിമിഷം ഞാൻ സ്വീകർത്താവായിരുന്നു.

അംഗീകാരത്തിന്റെ സന്തോഷവും, തിരസ്കരണത്തിന്റെ നൊമ്പരവും ഒരു വിചിന്തനം ആവശ്യപ്പെടുന്നു. സ്നേഹത്തിന്റെ ആഴത്തിൽ നല്കപ്പെട്ടതാണ് എന്റെ ജീവിതം. എന്നെപ്പറ്റി മനോഹരമായ പദ്ധതികൾ ഒരുക്കി കാത്തിരിക്കുന്നവൻ എന്റെ പേര് ഉള്ളം കൈയ്യിൽ രേഖപ്പെടുത്തി തന്റെ ഹൃദയത്തോട് ചേർത്ത് നിർത്തുന്നു. പക്ഷേ, ആ ദാതാവിനെ തിരിച്ചറിയാതെയും അവിടുന്ന് അർഹിക്കുന്ന മഹത്വം നൽകാതെയും പോകുന്ന സ്വീകർത്താവാണ് ഞാൻ എങ്കിൽ ജീവിതത്തിൽ അർത്ഥങ്ങൾ നഷ്ടമാകും.

സൗഖ്യം നേടി നന്ദിയില്ലാതെ പോയ ഒൻപത് പേരിൽ ഞാനും എണ്ണപ്പെടാതിരിക്കട്ടെ. പകൽ മേഘസ്തംഭമായും രാത്രി അഗ്നിയായും എന്നെ വഴി നടത്തിയവനെ തിരിച്ചറിയാത്ത നിമിഷങ്ങൾ വേദനാജനകം. നന്ദിയോടെ തിരിഞ്ഞ് നടന്നപ്പോൾ തന്റെ ചിറകിൻ കീഴിൽ അവർ സുരക്ഷിതർ. പരി. കന്യക മാതാവിനെപ്പോലെ എന്റെ ജീവിതവും കൊണ്ട് രക്ഷകനായ ദൈവത്തിന് നന്ദിയുടെ ഒരു സ്തോത്രഗീതം ഞാൻ രചിക്കണം.

## ഓഗസ്റ്റ് 23, ന്യായാധിപനും വിധവയും

**Luk. 18:1 – 8**

അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദൈവത്തിൽ നമുക്ക് വലിയ പ്രതീക്ഷയാണ്. എന്നാൽ തന്റെ ഏക മകൻ ഇസഹാക്കിനെ ബലിയർപ്പിക്കാൻ ആവശ്യപ്പെട്ട ദൈവത്തിലും പ്രതീക്ഷ അർപ്പിക്കാൻ സാധിക്കണം. കാരണം നമ്മെപ്പറ്റി നമ്മുടെ ക്ഷേമത്തിനുള്ള പദ്ധതി ദൈവത്തിനുണ്ട്.

(ജറ. 29:11). അതിന് ചഞ്ചലിപ്പില്ലാതെ തമ്പുരാന്റെ പക്കൽ നിൽക്കാൻ സാധിക്കണം. ആവർത്തന വിരസതയുടെ മടുപ്പിനപ്പുറം, സ്ഥിരതയാർന്ന പ്രാർത്ഥനയുടെ ജീവിത ശൈലിയിലേക്കും വിഫലമായ കാത്തിരിപ്പിനപ്പുറം വിരിവാർന്ന കരങ്ങളുമായി കാത്തുനിൽക്കുന്നവനെ കണ്ടെത്താനും സുവിശേഷം ഓർമ്മപ്പെടുത്തുന്നു.

ആവർത്തന വിരസതയുടെ കാരണം വിശ്വാസ കുറവാകാം. തെരഞ്ഞെടുക്കപ്പെട്ടവരുടെ നീതി, തെരഞ്ഞെടുത്തവന്റെ വാഗ്ദാനമാണ്. വാഗ്ദാനങ്ങളിൽ വിശ്വസ്തനായവനെ അവിശ്വസ്തനായി കാണുന്നത് നമ്മുടെ കുറവാണ്. കാരണം പ്രാർത്ഥന എന്നത് മർത്തയുടെ വ്യഗ്രതയല്ല. മറിച്ച് മറിയത്തിന്റെ ഏകാഗ്രതയാണ്. പ്രാർത്ഥനയുടെ ശൈലി ഫരിസേയന്റേതല്ല, ചുങ്കകാരന്റേതാണ്. പ്രാർത്ഥന ഈശോ പഠിപ്പിച്ചതാണ്. ഇവിടെ തെളിയേണ്ടത് രക്തസ്രാവക്കാരിയുടെ വിശ്വാസമാണ്. അങ്ങനെയുള്ള പ്രാർത്ഥനയ്ക്ക് നേരെ തന്റെ കണ്ണും കാതും ജാഗരൂകമായിരിക്കും എന്ന് ഈശോയുടെ വാഗ്ദാനമുണ്ട്. (ദിന. 7:15).

ഇത് തിരിച്ചറിയണമെങ്കിൽ മനോഹരമായ ദേവാലയത്തേക്കാൾ സക്രാരിയിലെ തമ്പുരാനെ കാണണം, അവനോട് സംസാരിക്കണം. കരങ്ങളിൽ ഏറ്റുവാങ്ങുന്നവനിൽ ജീവിതം ജ്വലിക്കണം. ആവശ്യങ്ങൾ നിരത്തുന്ന അപേക്ഷകളേക്കാൾ നിന്റെ ഹിതം എന്നിൽ .... എന്ന പരി. അമ്മയുടെ പ്രാർത്ഥന മാതൃകയാവണം. അപ്പോൾ തിടുക്കമാർന്ന എന്റെ ജീവിതവും താളമൊത്ത പ്രാർത്ഥനകളാവും. നെടുവീർപ്പുകൾ പോലും പ്രാർത്ഥനയാകും.

## ഓഗസ്റ്റ് 30, അന്ധനു കാഴ്ച നല്കുന്ന ദൈവം

**Luk. 18:35 - 43**

വിശ്വാസത്തിന്റേയും, തിരിച്ചറിവിന്റേയും സന്ദേശമാണ് ഇന്നത്തെ സുവിശേഷം. തിരിച്ചറിഞ്ഞവനിലേ വിശ്വസിക്കാനാവൂ. വഴിയരികിൽ കിടന്നവൻ വഴിയേ പോയവനിലെ ദൈവത്വം തിരിച്ചറിഞ്ഞു. വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിൽ കാഴ്ചയും അതുവഴി അനുഗമിക്കാൻ വഴിയും തുറന്നു കിട്ടി. തെരഞ്ഞെടുത്ത് കൂടെ നിർത്തിയവർക്ക് തിരിച്ചറിവില്ലാതെ പോകുന്നത് തൊട്ടു മുമ്പത്തെ വാക്യങ്ങളിൽ വ്യക്തം. അവരുടെ മുൻപിൽ കുരുടൻ ഒരു വെല്ലുവിളിയുണർത്തി. കുരുടനെങ്കിലും, കൂടെ നടന്നവർക്ക് ഇല്ലാതെ പോയ ഒരു ഉൾക്കാഴ്ച അവനുണ്ടായി. ആ ഉൾക്കാഴ്ചയിൽ

അവൻ കണ്ടു, വാഗ്ദാനങ്ങളിലെ രക്ഷകനെ. ലോകത്തിന്റെ പ്രകാശ മായ യേശുവിനെ. നിറവേറ്റപ്പെടാൻ ആവശ്യങ്ങൾ ഏറെ. എന്നാൽ സുവി ശേഷത്തിലെ മനുഷ്യന്റെ ഹൃദയവികാരവും, പ്രവർത്തനവും നമ്മുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ല. പകരം, കുറവുകളെ പഴിച്ച് ജീവിക്കുന്നു. ഈ അവസ്ഥയെ ഹോസിയ അവതരിപ്പിച്ചത് "ഹൃദയം നൊന്ത് എന്നെ വിളിച്ചപേക്ഷിക്കുന്നതിന് പകരം അവർ കിടക്കയിൽ കിടന്ന് വിലപിക്കു ന്നു. (ഹോസിയ 7-14).

ഈ വിലാപത്തിൽ നിന്ന് വിളിച്ചപേക്ഷിക്കുന്ന തലത്തിലേക്ക് ഉയ രാൻ സാധിക്കാത്തത് വിശ്വാസ കുറവാണ്. ഈ വിശ്വാസത്തിന്റെ കുറവ് പലപ്പോഴും മറ്റ് പല വഴികളിലേക്കും നയിച്ചേക്കാം. വിശ്വാസത്തിന്റെ വെളിച്ചത്തിൽ രക്ഷ നേടിയ ഒട്ടനവധി പേരെ നാം വി. ഗ്രന്ഥത്തിൽ കാണു ന്നു. ജീവിതത്തിലെ കഷ്ടപ്പാടുകളിലും വേദനയിലും എല്ലാം നമുക്ക് പ്രത്യാശ നൽകുന്നത് വിശ്വാസമാണ്. ഈ വിശ്വാസത്തിന്റെ പ്രാധാന്യത്തെ വർണിച്ചിരിക്കുന്ന പൗലോസ് അപ്പസ്തോലനെ ഇന്നത്തെ ലേഖനത്തിൽ കാണുന്നു. തെസലോനിക്കായിലെ സഭയും ഇന്നത്തെ അന്ധനും വിശ്വാ സത്തിൽ വളരാൻ നമുക്കും പ്രചോദനം നൽകുന്നു. ഈ വിശ്വാസവും ജീവിതവും അനേകരെ ദൈവസ്തുതിയിലേക്ക് നയിക്കട്ടെ.

**ജോജിഷ് ചെമ്മാന്തറ ഒ.എസ്.എച്ച്.**

# വാർത്തകൾ

## ജോലി നേടുക മാത്രമായിരിക്കരുത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം: മാർപാപ്പ

ക്വിറ്റോ: ജോലി നേടുക മാത്രമായിരിക്കരുത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് വിദ്യാർത്ഥികളെ ബോധ്യപ്പെടുത്താൻ യൂണിവേഴ്സിറ്റി കൾക്കു കഴിയണമെന്ന് ഫ്രാൻസിസ് മാർപാപ്പ. പരിസ്ഥിതി സംരക്ഷി ക്കാനും പാവങ്ങളെ സഹായിക്കാനും വിദ്യാർത്ഥികളെ പഠിപ്പിക്കണമെന്ന് ഇക്വഡോർ തലസ്ഥാനമായ ക്വിറ്റോയിലെ പൊന്തിഫിക്കൽ യൂണിവേ ഴ്സിറ്റി വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യവെ മാർപാപ്പ ആഹ്വാനം ചെയ്തു. പാവങ്ങളോട് കരുണ കാണിക്കാത്ത, പരിസ്ഥിതിയെ സ്നേഹി ക്കാനറിയാത്ത വിദ്യാഭ്യാസം മനുഷ്യവർഗ്ഗത്തിന് നാശമേ വരുത്തുക യുള്ളൂ എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. കഴിഞ്ഞ മാസം പുറത്തിറക്കിയ ലൗദാത്തോ സീ (ദൈവത്തിനു സ്തുതിയായിരിക്കട്ടെ) എന്ന ചാക്രിക ലേഖനത്തിലും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യം മാർപാപ്പ ഊന്നിപ്പറയുന്നുണ്ട്.

## റവ. ഡോ. ജോസഫ് കൊടകല്ലിൽ സത്നാ രൂപത ബിഷപ്

കൊച്ചി: മധ്യപ്രദേശിലെ സീറോ മലബാർ രൂപതയായ സത്നായുടെ മൂന്നാമത്തെ മെത്രാനായി റവ. ഡോ. ജോസഫ് കൊടകല്ലിൽ നിയമിതനായി. ബിഷപ് മാർ മാത്യു വാണിയക്കിഴക്കേൽ വിരമിച്ച ഒഴിവിലേക്കാണ് നിയമനം. മെത്രാഭിഷേകം സെപ്റ്റംബറിൽ സ്തനായിൽ നടക്കും. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയാണു നിയമനവാർത്ത അറിയിച്ചത്. കോതമംഗലം രൂപതയിലെ പോത്താനിക്കാട് ഇടവകയിലാണ് 1965 ഡിസംബർ 18 നു നിയുക്ത മെത്രാന്റെ ജനനം. പരേതനായ ജോണും മറിയക്കുട്ടിയുമാണു മാതാപിതാക്കൾ. ഫാ. കുര്യാക്കോസ് കൊടകല്ലിൽ, ബേബി, ഡോളി മാത്യു എന്നിവരാണു സഹോദരങ്ങൾ.

## ഡോ. കലാം സ്വപ്നങ്ങൾ കാണാൻ ഭാരതീയരെ പഠിപ്പിച്ച മഹത് വ്യക്തിത്വം: കെ.സി.ബി.സി.

കൊച്ചി: വലിയ സ്വപ്നങ്ങൾ കാണാൻ ഭാരതീയരെ പഠിപ്പിക്കുകയും സ്വപ്നസാക്ഷാത്കാരത്തിന് കുറുക്കുവഴികളില്ലെന്ന് സ്വന്തം ജീവിതത്തിലൂടെ മാതൃക കാണിക്കുകയും ചെയ്ത മഹത് വ്യക്തിത്വമാണ് മുൻപ്രസിഡന്റ് ഡോ. എ.പി.ജെ. അബ്ദുൽ കലാം എന്ന് കെ.സി.ബി.സി. ശാസ്ത്ര-സാങ്കേതിക നേട്ടങ്ങളിലും രാഷ്ട്രീയ നേതൃത്വത്തിലും സൂര്യനെപ്പോലെ ശോഭിച്ച അദ്ദേഹത്തിന് പുൽക്കൊടിയോളം താഴാനും ഏതു സാധാരണക്കാരനുമായും ഇടപഴകാനും തെല്ലും പ്രയാസമുണ്ടായിരുന്നില്ല. ഉന്നതരായ ശാസ്ത്രപ്രതിഭകളോടും രാഷ്ട്രീയ നേതാക്കളോടുമൊപ്പം ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുമ്പോഴും ഇന്ത്യയിലെ വിദ്യാർത്ഥി സമൂഹത്തിനും യുവജനങ്ങൾക്കും അദ്ദേഹം പ്രിയങ്കരനും സംലഭ്യനുമായിരുന്നു. ഇന്ത്യയിലെ സാധാരണക്കാരുടെ ജീവിതത്തെ ഇത്രയേറെ സ്നേഹിക്കുകയും സ്വാധീനിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്ത അദ്ദേഹത്തിന്റെ ആത്മാവ് നിത്യശാന്തി നേടട്ടെയെന്ന് കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കബാവ, വൈസ് പ്രസിഡന്റ് ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, സെക്രട്ടറി ജനറൽ ബിഷപ്പ് ജോസഫ് കരിയിൽ എന്നിവർ അനുശോചനത്തിലൂടെ അറിയിച്ചു.